Vol. 23. No. 3.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

ആണ്ടേക്കും മുൻകൂർ) March 1925. (1 ബ്രി. രൂപ മാത്രം.

# വിഷയവിവരണിക.

പേജ്

1. മാർച്ച് മാസകീർത്തനം. റവ. ഫാദർ സൈമൺ സി. ഡി. 51
2. പ്രസാധകക്കുറിപ്പുകൾ. ,,
3. തിരുസഭാസംരക്ഷകനായ മാർ യൌസേപ്പ്.
റവ. തോമസ് പ്ലാക്കാട്ട്. 53
4. വേദപുസ്തകപാരായണം
വെറി റവ ഫാദർ അലക്സാണ്ടർ സി. ഡി 54
5. ഒരു സംഭാഷണം. വ. ദിവ്യശ്രീ പി. കെ. അന്തോനിക്കത്തനാർ. 55
6. ക്രിസ്റ്റോപദേശ ശതകം (പദ്യം) പി. ജെ. 57
7. പ്രാർത്ഥനയെപ്പററി രണ്ടു വാക്ക്.
ദിവ്യശ്രീ കാപ്പിൽ കയ്യാലക്കാസു ശ. പിഎച്ച്. ഡി. 58
8. ദൈവത്തിന്റെ പുരോഹിതൻ.
ശ്രീമാൻ കെ. ഇ. ചാക്കോ ബി. ഏ. 60
9. സാഹിത്യകാരന്മാരുടെ മദ്ധ്യസ്ഥൻ.
റവ. ഫാദർ മാത്യു പുതിയിടം. 62
10. കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്. സ്വന്തം കൊച്ചച്ചൻ. 64
11. തിരുഹൃദയ പൊതുനിയോഗം. 65
12. പുതിയ പ്രസിദ്ധീകരണങ്ങൾ. 66
13. വർത്തമാനസംഗ്രഹം, മനോഗുണ വിവരം, ചരമവാർത്ത. 67
14. പഞ്ചാംഗം. 70

---

## വരാപ്പുഴ പത്ര്യാല.


നി. വ. ദിവ്യശ്രീമാന്മാരായ കേരളത്തിലെ മെത്രാന്മാരുടെയും വന്ദ്യവൈദികന്മാരുടെയും മാന്യമഹാജനങ്ങളുടെയും പ്രശംസക്കും തൃപ്തിക്കും പാത്രീഭവിച്ചിട്ടുള്ള പുരാതന ചിത്രവേലക്കാരായ ഞങ്ങൾ പൊതുജനങ്ങളുടെ സൌകര്യത്തെ ഉദ്ദേശിച്ച് വന്ദ്യവൈദികരുടെ താല്പര്യപ്രകാരം ചങ്ങനാശേരി മെത്രാസനപ്പള്ളിക്കു സമീപം ഒരു ബ്രാഞ്ചാപ്പീസ് തുറന്നു പണികൾ നടത്തിവരുന്നു. ഇവിടെ കൊത്തുരൂപങ്ങൾ, അൾത്താരകൾ ആദിയായ സകലവിധ വേലകളും, തങ്കം, ചായം ഇവ ഭംഗിയായിട്ടും മിതമായവിലയ്ക്കും ചെയ്തുകൊടുക്കുന്നതാണ്. കൂടുതൽ വിവരമറിയേണ്ടവർ മറുപടിക്കു സ്റ്റാമ്പുസഹിതം എഴുതുക.

മർസ്സീൻ പത്ര്യാല, മാനേജർ, ബ്രാഞ്ചാഫീസ്,
ജെ. ജോസഫ് പത്ര്യാല ആൻഡ് സൺസ്.
ചങ്ങനാശേരി.

---

## തയാറായിരിക്കുന്നു.

സുമാർഗ്ഗപ്രകാശിക— മൂന്നാം പുസ്തകം.
'വിശുദ്ധ സഭ'— ഭാഷാന്തരകാരൻ സി. അന്തപ്പായി ബി. ഏ.
വില ൧ അണ മാത്രം. ൧ രൂപായിക്കു ൨൨ പുസ്തകം. അഞ്ചൽക്കൂലി പുറമെ.
മാനേജർ, കർമ്മലകുസുമം, മാന്നാനം.



തിരുഹൃദയ സ്നേഹിതനായ മാർ യൌസേപ്പേ, ഞങ്ങൾക്കു
വേണ്ടി അപേക്ഷിക്കണമെ (൩൦൦ ദി. ദ. വി.)

# കർമ്മലകുസുമം.

പുസ്തകം ൨൩ } ൧൯൨൫ മാർച്ച്. { ലക്കം ൩

## മാർച്ചുമാസകീർത്തനം.

(പാടുക പാടുക സീയോൻപുത്രി എന്ന മട്ട്)

പോകുവിൻ പോകുവിൻ യൌസേപ്പിന്റെ
പാദത്തിൽ പോകുവിൻ സ്നേഹത്തോടെ.

1 നിത്യപിതാവിന്റെ കാര്യസ്ഥനായ്
പാർത്തലമീധന്യൻപാലിക്കുന്നു. പോകു..

2 സ്വർഗ്ഗഭണ്ഡാരങ്ങളൊക്കെയുമീ
പൂജ്യന്റെ കൈകളിലാകുന്നിതാ. പോ..

3. രക്ഷകനോടിയാൾ പ്രാർത്ഥിപ്പതു
കല്പനപോലെ നടത്തുന്നു. പോകു ..

4. എന്തൊരു നന്മയും വേണ്ടതെല്ലാം—
മന്തരമെന്നിയെ ചോദിക്കുവാൻ— പോ..

5. പ്രാർത്ഥിച്ചതൊക്കവേ പ്രാപിച്ചതായ്
സാക്ഷിച്ചിടുന്നമ്മ ത്രേസ്യാതന്നേ. പോ..

6. ദരിദ്രങ്ങൾനീക്കിക്കുടുംബങ്ങളേ
ഐക്യപ്പെടുത്തുവാൻ തേടുന്നവർ— പോ.

7. നല്ലമരണം ലഭിച്ചിടുവാ-
നുള്ളത്തിലാഗ്രഹമുള്ളവരേ— പോകുവിൻ.,

ഫാദർ സൈമൺ സി. ഡി.

## പ്രസാധകക്കുറിപ്പുകൾ.

### വണക്കമാസം

പരിചയമുള്ള ഒരു കപ്പിത്താന്റെ കീഴിൽ നയിക്കപ്പെടുന്ന കപ്പലിനു ആപൽശങ്ക നന്നാക്കുറഞ്ഞിരിക്കും. സമർത്ഥനായ നേതാവിന്റെ കീഴുള്ള സൈന്യത്തിനു അപകടം എളുപ്പമല്ല. ഇതിനാലാണ് പരിശുദ്ധപിതാവ് പതിമൂന്നാം ലെയോൻമാർപ്പാപ്പാ തിരുമനസ്സുകൊണ്ട് മാർ യൌസേപ്പുപിതാവിനെ തിരുസഭയുടെ പ്രത്യേക മദ്ധ്യസ്ഥനായി തെരഞ്ഞെടുത്തതു്. കത്തോലിക്ക കുടുംബപാലകന്മാരും ഈ ന്യായത്തേക്കുറിച്ചു തന്നെയാണ് ഈ പരിശുദ്ധന്റെ മാദ്ധ്യസ്ഥം തേടുന്നതു്. എന്നാൽ മാർ യൌസേപ്പിന്റെ സംരക്ഷണയിൽ ഇരിക്കുന്ന കുടുംബങ്ങൾ അപ്രകാരമുള്ളവയാണെന്നു ലോകസമക്ഷം പ്രത്യക്ഷപ്പെടുത്തേണ്ടതു് മാർച്ചുമാസത്തിലാണ്. ആ മാസം എങ്ങിനെ അവർ കൊണ്ടാടുകയും തങ്ങളുടെ മദ്ധ്യസ്ഥന്റെ നേരെയുള്ള കൃതജ്ഞത ഏതുവിധം പ്രദർശിപ്പിക്കയും ചെയ്യുന്നു എന്നു ഓർത്തുനോക്കിയാൽ, ഈ മദ്ധ്യസ്ഥന്റെ സംരക്ഷണയ്ക്കു എന്തർഹത തങ്ങൾക്കുണ്ടെന്നു മ

നസ്സിലാക്കാം. ഇങ്ങനെയുള്ള അവസരങ്ങളിൽ ഈ മദ്ധ്യസ്ഥ ബന്ധത്തെ ദൃഢപ്പെടുത്തുന്നതിനു ശ്രമിക്കാതെ, തങ്ങൾക്കു ആവശ്യം നേരിടുന്ന അവസരങ്ങളിൽമാത്രം സഹായത്തിനു ഓടിച്ചെല്ലുന്നതു് വ്യൎത്ഥമാണെന്നു പറയേണ്ടതില്ലല്ലോ. ആകയാൽ ആരംഭിച്ചിരിക്കുന്ന വണക്കമാസം കീഴാണ്ടുകളെ അപേക്ഷിച്ച് ഭക്തിപുരസ്സരം നടത്തുന്നതിനു നാം ഹൃദയപൂൎവ്വം ഉത്സാഹിക്കേണ്ടിയിരിക്കുന്നു.

## വലിയനോൻപ്.

ഉന്നതങ്ങളായ രഹസ്യങ്ങളെപ്പററി ധ്യാനിക്കുന്നതിനു നിനക്കു പ്രാപ്തിയില്ലെങ്കിൽ ദിവ്യ രക്ഷകൻെറ പീഡാനുഭവങ്ങളെപ്പററി ചിന്തിക്കുക എന്നാണു് "ക്രിസ്ലാനുകരണ" കൎത്താവു ഉപദേശിക്കുന്നതു്. ആൎക്കും എളുപ്പത്തിൽ ചെയ്യാൻ സാധിക്കുന്ന ഒരു ധ്യാനമാണിതു; ആരുടെയും ഹൃദയത്തെ ആകൎഷിക്കത്തക്ക ദയനീയനമായ ഒരു നാടകമാണിതു്. "ഞാൻ ഉയൎത്തപ്പെടുമ്പോൾ എല്ലാവരേയും എൻെറ പക്കലേക്കു ആകൎഷിക്കും" എന്നത്രേ ദിവ്യരക്ഷകൻ വി. യോഹന്നാൻെറ സുവിശേഷത്തിൽ അരുളിച്ചെയ്യുന്നതു്. എന്നാൽ അങ്ങുന്നു സ്ലീവാമരത്തിന്മേൽ ഉയൎത്തപ്പെടുന്നതിനേകണ്ടിട്ടും, തന്നിലേക്കു ആകൎഷിക്കപ്പെടാത്ത ആത്മാക്കളെ കാണുന്നതു തൻെറ ദിവ്യഹൃദയത്തിനു എത്രയോ അസഹ്യമായ ദുഃഖമായിരിക്കും. ആകയാൽ ഈ വലിയനോൻപു കാലത്തു സ്നേഹംനിറഞ്ഞ നമ്മുടെ കൎത്താവിൻെറ പീഡാനുഭവങ്ങളേ ഇടക്കിടയ്ക്കു ഓൎമ്മയിൽ വരുത്തികൊണ്ടു, തൻെറനേൎക്കു അല്പമെങ്കിലും പ്രതിസ്നേഹം കാണിക്കുന്നതിനു് ക്രിസ്ത്യാനികളെല്ലാവരും ശ്രമിക്കേണ്ടതാകുന്നു.

## കത്തോലിക്കരുടെ ഛിദ്രതല.

നാലുകോടി ജനങ്ങളുള്ള ഫ്രാൻസുരാജ്യത്തിൽ ഭൂരിപക്ഷവും കത്തോലിക്കരാണു്. എങ്കിലും അവിടത്തെ ഭരണാധികാരികളിൽ അധികപങ്കും മിണ്ടാമാൎഗ്ഗക്കാരായിത്തീരുന്നതു എങ്ങിനെയാണെന്നു പലൎക്കും ആശ്ചൎയ്യം തോന്നിയേക്കാം. തെരഞ്ഞെടുപ്പുകാൎയ്യങ്ങളിൽ കത്തോലിക്കർ പ്രദൎശിപ്പിച്ചിട്ടുള്ള അശ്രദ്ധയാണു ഇതിനു കാരണമെന്നു വ്യസനസമേതം അവർതന്നേ ഇന്നു സമ്മതിക്കുന്നു. അതിനാൽ മിണ്ടാമാൎഗ്ഗക്കാരുടെ മൎദ്ദനങ്ങൾക്കു അവർ വശംവദരായിത്തീൎന്നിരിക്കുന്നു. ഏതായാലും ഫ്രഞ്ചുകത്തോലിക്കരുടെ കണ്ണുകൾ ഇപ്പോൾ തുറന്നുതുടങ്ങിയിട്ടുണ്ടെന്നുകാണുന്നതു ആശ്വാസപ്രദംതന്നേ. രാജ്യമൊട്ടുക്കുള്ള കത്തോലിക്കരുടെ വകയായി ഒരു ജാതീയകത്തോലിക്ക് സംഘടന ഏൎപ്പെടുത്തി രാജ്യത്തിൻെറ സകലഭാഗങ്ങളിലും മതവിരോധികളോടുള്ള പ്രതിഷേധം പ്രദൎശിപ്പിച്ചുതുടങ്ങിയിരിക്കുന്നു. തിരുവിതാംകൂറിലെ നിയമസഭാതെരഞ്ഞെടുപ്പു സമീപിച്ചിരിക്കുന്ന ഈ അവസരത്തിൽ ഈവിധസംഗതികൾ കത്തോലിക്കരുടെ ശ്രദ്ധയിൽ പതിഞ്ഞിരിക്കേണ്ടതു അത്യാവശ്യമാകുന്നു. ആകെക്കൂടി വോട്ടുകൊടുത്തു ഛിദ്രതല നിറവേററിയാൽ മതിയെന്നു കരുതുന്ന സമ്മതിദായകന്മാർ രാജ്യത്തിനും സമുദായത്തിനും എത്ര നാശമാണു വരുത്തുന്നതെന്നു നല്ലപോലെ മനസ്സിലാക്കണം. അയോഗ്യന്മാരായ ആളുകൾ തങ്ങളുടെ വോട്ടുകൊണ്ടു സഭയിൽ കടന്നുകൂടിയാൽ ഉണ്ടാകുന്ന അനൎത്ഥങ്ങൾക്കു തങ്ങളും ഉത്തരവാദികളാണെന്നു ശരിയായി അവർ ഗ്രഹിച്ചിരുന്നെങ്കിൽ നന്നായിരുന്നു.

---

## കുസുമമത്സരം.

### ഫെബ്രുവരി 26-ാംതീയതിയിലത്തെ കണക്ക്.

I. കുറവിലങ്ങാട്ട് 30; II. പുത്തൻതോപ്പ് 19; III. ചങ്ങനാശ്ശേരി 12; IV. കോയിൽവിള 11; V. ചേൎത്തല 10; VI. മണിമല 7; VII. സിലോൺ, കോതമംഗലം, മൂവാററുപുഴ 6; VIII. ആലപ്പുഴ, അങ്കമാലി, കൊച്ചി, കാഞ്ഞിരപ്പള്ളി 5. ശേഷം സ്ഥലങ്ങളെല്ലാം ഇതിനു താഴെയായിട്ടാണു് നില്ക്കുന്നതു്.

# തിരുസഭാ സംരക്ഷകനായ
# വി. യൌസേപ്പ്.

തിരുസഭയുടെ പാലകനും പ്രത്യേക മദ്ധ്യസ്ഥനും നമ്മുടെ പിതാവുമായ വി. യൌസേപ്പിൻെറ സ്തുതിക്കായി പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ഒന്നാണല്ലൊ മാർച്ചുമാസം. അതിനാൽ ഈ അവസരത്തിൽ ഈ വിശുദ്ധനെ സംബന്ധിച്ചു സ്വല്പം പ്രസ്താവിക്കുന്നതു് സന്ദർഭോചിതമായിരിക്കുമെന്നു കരുതുന്നു.

സമയത്തിൻെറ പൂർണ്ണതയിൽ ലോകപരിത്രാതാവായി അവതരിക്കേണ്ടിയിരുന്ന മ്ശിഹായും, തൻെറ മാതൃസ്ഥാനത്തെ അലങ്കരിക്കാനിരുന്ന പരിശുദ്ധ മറിയവും അനാദിമുതൽക്കേ ദൈവിക ബോധത്തിൽ നിക്ഷിപ്തരായിരുന്നു. വി. കന്യകമറിയം ക്രിസ്തുവിൻെറ മാതാവായിത്തീരണമെന്നും സാക്ഷാൽ ദൈവവും മനുഷ്യനുമായ മ്ശിഹാ ഇവളുടെ പുത്രനായി ജനിക്കണമെന്നും ആയിരുന്നു ദൈവനിശ്ചയം.

താൻ ദാവീദു ഗോത്രത്തിൽ ജനിച്ച വെറും ഒരു താപസൻ മാത്രമല്ല ആയിരുന്നതു്. അവരിൽ പ്രാഥമ്യൻ തന്നെ ആയിരുന്നു. അതുപോലെതന്നെ സകല വേദസാക്ഷികളുടെ എന്നല്ല സർവ്വവിശുദ്ധന്മാരുടേയുംപോലും പുണ്യസാംഗോപാംഗങ്ങൾ തന്നിൽ അന്തർലീനമായി പരിലസിച്ചിരുന്നതിനാൽ താൻ വെറും ഒരു വന്ദകൻ (Confessor) മാത്രവുമല്ലായിരുന്നു. "സ്ത്രീകളിൽനിന്നും ജനിച്ചവരിൽ ഒരുത്തരുംതന്നെ വി. യോഹന്നാനോളം വലിയവനല്ല" എന്നാണല്ലോ തൻെറ മുന്നോടിയായ വി. സ്നാപക യോഹന്നാനെ സംബന്ധിച്ചു ന. ദിവ്യരക്ഷകൻ അരുളിച്ചെയ്ത വാക്യം. എന്നാൽ അതേപ്രകാരംതന്നെ തൻെറ വളർത്തുപിതാവായ വി. യൌസേപ്പിനെ സംബന്ധിച്ചും ,സംശയലേശമെന്യെ പറയപ്പെടാവുന്നതാണു്.

ഉപകരണത്തിൻെറ മാഹാത്മ്യം അതിൻെറ അന്ത്യത്തിൽനിന്നത്രേ ,അനുമാനിക്കപ്പെടേണ്ടതു്. (Medii importantia ex ejus fine deducitur). ഇതു് ഒരു സർവ്വവിദിതതത്വമത്രേ. ഈ സ്ഥിതിക്കു് ഇതു വിശുദ്ധ യൌസേപ്പിനെ സംബന്ധിച്ചും നോക്കുന്നെങ്കിൽ, വളരെ വാസ്തവമെന്നു കാണപ്പെടും. ഒരു വലിയ അന്ത്യപ്രാപ്തിക്കു തദനുസരണമായ ഒരുപകരണവും അവശ്യം കൂടിയേ കഴിയൂ. ലോകപരിത്രാണം എന്ന അമഹൽകാര്യസാദ്ധ്യത്തിനായി ഭൂജാതനാകേണ്ടിയിരുന്ന സാക്ഷാൽ ദൈവപുത്രൻെറ വളർത്തുപിതാവായിരിക്കുയും ഈ ദിവ്യകുമാരൻെറ തന്നെ, അമ്മയുടെ വിരക്ത ഭർത്താവായിരിക്കയും ചെയ്ക എന്നുള്ള ഉന്നതസ്ഥാനത്തെക്കാൾ മഹത്തരമായി ഒരു മനുഷ്യനു തൻെറ ജീവിതത്തിൽ മറെറന്താണു ലഭിക്കുവാൻ കഴിയുക! വാസ്തവത്തിൽ ഇതുതന്നെ ആയിരുന്നു വി. യൌസേപ്പിൻെറ ഐഹികജീവിതാന്ത്യവും. ഇഹത്തിലെ ആ രണ്ടു അമൂല്യനിക്ഷേപങ്ങളോടൊരുമിച്ചു തൻെറ ജീവിതത്തെ പരിപാവനമാക്കിച്ചെയ്യണമെന്നായിരുന്നു ഈശ്വരാഭീഷ്ടം.

എന്നാൽ ഇതിൽ നിന്നും താൻ ലോകരീത്യാ ഉള്ള സാധാരണ ബുദ്ധിമുട്ടുകളിൽ നിന്നും വിഷമങ്ങളിൽ നിന്നും വിമുക്തനായിരുന്നു എന്നു ഒരു തരത്തിലും അനുമാനിക്കേണ്ടതില്ല. താൻ ഒരു രാജവംശജനായിരുന്നു; എങ്കിലും ഒരു ആശാരിയുടെ ജീവിതവൃത്തിയത്രെ അവലംബിക്കേണ്ടി വന്നതു്. സർവ്വലോകാധിപനായ ദൈവപുത്രൻെറ—അതേ മ്ശിഹായുടെ— ക്ഷേമാഭ്യുദയത്തിലും താൻ സർവ്വദാ ജാഗരൂകനായിരിക്കേണ്ടതായിത്തന്നെ വന്നു. ഇങ്ങനെ തൻെറ ജീവിതം ഒരുതരത്തിൽ നോക്കിയാൽ അത്യന്തം ക്ലേശഭൂയിഷ്ഠമായ ഒന്നായിരുന്നെന്നു തന്നെ പറയണം. ക്രിസ്തു

വിവിധ വിധ ജീവിതാവലംബികൾക്കും ഒരുത്തമാദർശമാണ്. വി. യൌസേപ്പോ എന്നാൽ ഈ ദൈവികാദർശത്തെ യഥാർത്ഥമായി പ്രവൃത്തിരീത്യാ സാർത്ഥമാക്കിച്ചെയ്തവരിൽ അദ്വിതീയനത്രെ.

എന്നിരുന്നാലും ഈ വിശുദ്ധൻെറ ജീവിതനൈർമ്മല്യം കൂടുതൽ പ്രസ്പഷ്ടമായും അനുകരണയോഗ്യമായും വിളങ്ങിത്തിളങ്ങുന്നതു നന്നായി ദർശിക്കണമെങ്കിൽ ഇദ്ദേഹത്തിൻെറ ജീവിതത്തിൻെറ മറെറാരു വശത്തുകൂടി തന്നെ നമുക്കു വീക്ഷിക്കാം. താൻ സർവ്വവിധ പരിശുദ്ധനായിരുന്നു; വി: സുവിശേഷകൻ സംക്ഷേപിച്ചു പറയുന്നതുപോലെ, താൻ നീതിമാനായിരുന്നു. എന്നാൽ എല്ലാററിലും പ്രധാനമായിട്ടുള്ളതു് ഈ പുണ്യാത്മാവു ഈശോയുടെയും പ. മറിയത്തിൻെറയും പ്രത്യേകസംരക്ഷകനും തങ്ങളെ യഥാർത്ഥമായി സ്നേഹിച്ചവനുമായിരുന്നു എന്നുള്ളതത്രെ. ഇതാണു ഒരു വിശിഷ്ടസ്ഥാനം നമ്മുടെ ഹൃദയാന്തർഭാഗത്തിൽ വിശേഷവിധിയായി ഈ പുണ്യപിതാവിനു നൽകുന്നതിനു നമ്മെ പ്രേരിപ്പിക്കുന്നതു്. ഇപ്രകാരം നോക്കുമ്പോൾ നമ്മുടെ അമ്മ വി. ദൈവജനനിയുടേയും തൻെറ ദിവ്യകുമാരനായ മിശിഹായുടേയും പ്രത്യേക ആദരവും സഹായവും ലഭിച്ച തരുവിക്കത്തക്കവിധത്തിൽ വി. യൌസേപ്പിനെ നമ്മുടെ സംരക്ഷകനും പ്രത്യേക മദ്ധ്യസ്ഥനുമായി സ്വീകരിക്കുന്നതിലേക്കു നമുക്കു വാസ്തവത്തിൽ രണ്ടുവിധത്തിൽ അവകാശമുണ്ടു്. വിരക്തി എന്ന വിശിഷ്ടപുണ്യത്തിൽ താൻ ഒരുത്തമമാതൃകയത്രെ. എളിമ എന്ന സുകൃതത്തിലും ഈ വിശുദ്ധൻ പ്രത്യേക ദൃഷ്ടാന്തം തന്നെ. അതുപോലെ ഐഹികജീവിതായോധനത്തിൽ ഏതുതരത്തിലുള്ള ജീവിതവൃത്തിയിലായിരിക്കുന്നവർക്കും ഈ സിദ്ധൻ ഒരനുകരണീയാദർശം തന്നെയാണ്. അതേ, പ്രകാരാന്തരേണ പറയുന്നതായാൽ താൻ സകലവിധ സുകൃതങ്ങളുടേയും ഒരുത്തമ വിളനിലവും നമ്മൾ ഓരോരുത്തരുടെയും ആദ്ധ്യാത്മികജീവിതമാകുന്ന രമ്യഹർമ്മ്യസ്ഥാപനത്തിൻെറ അസ്തിഭാരവും ആണെന്നത്രെ പറയേണ്ടതു്. പ്രത്യേകിച്ചു നന്മരണ മദ്ധ്യസ്ഥൻ എന്ന നിലയിൽ ഈ വിശുദ്ധ പിതാവു് നമ്മുടെ അന്ത്യനേരത്തു് ഒഴിച്ചുകൂടാത്ത ഒരു സഹായവുമാണ്.

ഇങ്ങനെ തൻെറ ഗുണഗണങ്ങൾ ഓരോന്നായി പറകയെന്നായാൽ ഒരിക്കലും അവസാനിക്കയില്ല. നമ്മുടെ പ്രത്യേകമദ്ധ്യസ്ഥനും പിതാവും സംരക്ഷകനുമായ വി. യൌസേപ്പിൻെറ വണക്കത്തിനായി തിരുസഭ നിശ്ചയിച്ചിരിക്കുന്ന ഈ മാർച്ചുമാസം ഭക്തിപൂർവ്വം കൊണ്ടാടുന്നതിനും, തൻെറ വളർത്തുകുമാരനിൽനിന്നു തദ്വാരാ പ്രത്യേകവിധ സഹായങ്ങൾ നാം പ്രാപിക്കുന്നതിനും ഇടയാകുമാറാകട്ടെ.

റവ. തോമസ് പ്ലാക്കാട്ടു്.

## വേദപുസ്തകപാരായണം.

സഹോദരസ്നേഹം പാലിക്കണമെന്നും, ജഡത്തിൻെറ ദുർമ്മോഹങ്ങൾക്കു അധീനപ്പെട്ടുപോകാതെ അത്രപിസ്കൂട്ടത്ത നന്മപ്രവൃത്തികൾ സമ്പാദിക്കണമെന്നും, മായസ്തുതിയെ വർജ്ജിക്കണമെന്നും ദൈവം വിശുദ്ധ പൌലോസ് വഴിയായി നമ്മോടു ഉപദേശിക്കുന്ന ഭാഗം താഴെ ചേർക്കുന്നു:

"എന്നാൽ സഹോദരന്മാരേ! നിങ്ങൾ സ്വാതന്ത്ര്യത്തിലേക്കു വിളിക്കപ്പെട്ടവരാകുന്നു; എന്നാൽ ഈ സ്വാതന്ത്ര്യത്തെ ജഡത്തിന്നു് അവസരമാക്കാതെ, സ്നേഹത്താൽ തമ്മിൽ തമ്മിൽ കീഴ്പെട്ടിരിപ്പിൻ. എന്തെന്നാൽ നിൻെറ അയൽക്കാരനെ നിന്നെപ്പോലെ തന്നെ നീ സ്നേഹിക്കണം എന്നുള്ള ഈ

ഒരു വാക്കിൽ പ്രമാണമൊക്കയും നിവൃത്തിക്കപ്പെടുന്നു. നിങ്ങൾ തമ്മിൽ തമ്മിൽ കടിച്ചുതിന്നുകൊണ്ടു് ഒരുത്തനാൽ ഒരുത്തൻ നശിക്കാതെയിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. എന്നാൽ നിങ്ങൾ അരൂപിയിൽ വ്യാപരിക്കണമെന്നും ജഡത്തിന്റെ മോഹത്തെ ഒരിക്കലും നിങ്ങൾ ചെയ്യരുതെന്നും ഞാൻ പറയുന്നു. എന്തെന്നാൽ ജഡം അരൂപിക്കു വിരോധമായും അരൂപി ജഡത്തിനു വിരോധമായും മോഹിക്കുന്നു; നിങ്ങൾ ഇച്ഛിക്കുന്നവയെ നിങ്ങൾ ചെയ്യാതിരിക്കത്തക്കവണ്ണം, ഇവ തമ്മിൽ തമ്മിൽ പ്രതികൂലമായിരിക്കുന്നു. നിങ്ങൾ അരൂപിയിൽ വ്യാപരിക്കുന്നുവെങ്കിൽ നിങ്ങൾ (പഴയ) പ്രമാണത്തിൻകീഴല്ല. എന്നാൽ ജഡത്തിന്റെ ക്രിയകൾ പ്രസിദ്ധമാണു്. അവ വ്യഭിചാരം, അശുദ്ധി, കാമവികാരം, വിഗ്രഹാരാധന, ക്ഷുദ്രം, പക, വിവാദം, സ്പർദ്ധ, ക്രോധം, ശണ്ഠ, ഭിന്നത, വിപരീതം, അസൂയ, കൊലപാതകം, മദ്യപാനം, ചിററിമ്പപാട്ടു എന്നിപ്രകാരമുള്ളവയാകുന്നു. ഇപ്രകാരമുള്ളവയെ ചെയ്യുന്നവർ ദൈവരാജ്യത്തെ പ്രാപിക്കയില്ലെന്നു ഞാൻ മുമ്പു പറഞ്ഞിട്ടുള്ളതുപോലെ ഇപ്പോഴും പറയുന്നു. എന്നാൽ അരൂപിയുടെ ഫലങ്ങൾ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘശാന്തത, ദയ, നന്മ, വിശ്വാസം, എളിമ, ക്ഷമ എന്നിവയാകുന്നു. ഇവക്കെതിരായി യാതൊരു പ്രമാണവുമില്ല. മ്ശിഹായുടെ ആളുകളായിരിക്കുന്നവർ തങ്ങളുടെ ജഡത്തെ അതിന്റെ സകല ദുർമോഹങ്ങളോടും വികാരങ്ങളോടുംകൂടി കുരിശിൽ തറച്ചിരിക്കുന്നു. അപ്പഴൊ നാം അരൂപിയിൽ ജീവിക്കയും, അരൂപിക്കു ചേർന്നിരിക്കയും വേണം. നാം തമ്മിൽ തമ്മിൽ പോരിന്നു വിളിച്ചുകൊണ്ടും തമ്മിൽ തമ്മിൽ അസൂയപ്പെട്ടുകൊണ്ടും മായസ്തുതിയെ ആഗ്രഹിക്കുന്നവർ ആകരുതു്.” (ഗാലത്തിയക്കാർ ൫. ൧൯–൨൬.)

ഫാദർ അലക്സാണ്ടർ സി. ഡി.

## ഒരു പ്രോട്ടസ്റ്റന്റു കൃസ്ത്യാനിയും പാതിരിസായ്പും തമ്മിലുള്ള സംഭാഷണം.

(തുടർച്ച)

ക്രിസ്ത്യാനി— സായ്പെന്താണു മൌനമവലംബിക്കുന്നതു്?

സായ്പ്— മൌനമല്ല. റോമ്മാസഭയുടെ മൂഢത്വം ഓർമ്മിച്ചു അങ്ങു ഇരുന്നുപോയതാണു്.

ക്രി— റോമ്മാസഭയുടെ മൂഢത്വമോ? അതെന്തെന്നു കേട്ടാൽ കൊള്ളാം.

സാ— കേട്ടെ കഴിയൂ അല്ലേ! വിഗ്രഹാരാധന, പാപ്പായിക്കു പാപം ചെയ്യുകൂടായ്കു, മേരിയുടെ അമലോത്ഭവം, പുണ്യവാന്മാരുടെ മാദ്ധ്യസ്ഥം, ദണ്ഡവിമോചനം മുതലായവയാണു് മൂഢത്വം എന്നു ഞാൻ പറഞ്ഞതു്.

ക്രി— ഇത്രേയുള്ളോ?

സാ— ഇനിയും ധാരാളം ഉണ്ടു. പ്രത്യേകം ചിലതുകൾ പറഞ്ഞെന്നേയുള്ളൂ.

ക്രി— മഹാ പണ്ഡിതനായ സായ്പു ഈ തരം ഭോഷത്വങ്ങൾ ജല്പിക്കുന്നതാണു ആശ്ചര്യം! ചരിത്രം പഠിക്കാതെ ‘ചരിത്ര വിദഗ്ധർ’ ആകുന്നവരിലാരെങ്കിലും ഇങ്ങനെ പറഞ്ഞിരുന്നെങ്കിൽ ഒട്ടും ആശ്ചര്യത്തിനു വകയില്ലായിരുന്നു. ഞാനൊന്നു ചോദിക്കട്ടെ! ന്യൂമാൻ, മാനിങ്ങു മുതലായ മഹാ പണ്ഡിതന്മാർ എന്തുകൊണ്ടാണു് ‘മൂഢത്വ’മുള്ള റോമ്മാസഭയിൽ ചേർന്നതു്?

സാ— ഓരോരൊ ലൌകിക ഗുണങ്ങളെ ഉദ്ദേശിച്ചാണു്.

ക്രി. നല്ല ഉത്തരം. ന്യൂമാൻ മുതലായവർക്കു അവരുൾപ്പെട്ടിരുന്ന സഭയിൽ ലൌകികഗുണങ്ങൾക്കു ഒട്ടും കുറവില്ലായിരുന്നല്ലോ. ന്യൂമാനെയും മററും

ആരാണു ബഹുമാനിക്കാതിരുന്നിട്ടുള്ളതു! റോമ്മാ സഭയിൽ 'മൂഢത്വം' ഉണ്ടായിരുന്നെങ്കിൽ ന്യൂമാൻ, മാനിങ്ങ് മുതലായവർ അതിൽ ഒരിക്കലും പ്രവേശിക്കുകയില്ലായിരുന്നു. കാൻറർബെറി ആർച്ച് ബിഷോപ്പായിരുന്ന ഡോക്ടർ ബെൻസൻറെ പുത്രൻ, റോമ്മാസഭയിൽ പ്രവേശിച്ചതിൽപ്പിന്നെയെ മനസ്സമാധാനം ഉണ്ടായുള്ളു എന്നദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. ബൊമ്പായിലെ കൌളിഫ്ലാഷ് സെന്നു സായ്പ് കേട്ടിട്ടില്ലേ?

സാ- കേട്ടിട്ടുണ്ടെന്നുമാത്രമല്ല, അവരിൽ ചിലർ എൻറെ സംബന്ധികളും സ്നേഹിതന്മാരുമായിരുന്നു.

ക്രി- ഒരുകാലത്തു അവരുടെ പ്രധാനിയായിരുന്ന റവറണ്ട് ലൂക്ക് റെവിങ്ങ്ടൻ, റോമ്മാസഭയിൽ പ്രവേശിച്ചതു അദ്ദേഹം മൂഢനായതുകൊണ്ടാണോ? യൂറോപ്പിലും അമേരിക്കയിലും ദിനംപ്രതി എത്ര വിദ്വാന്മണികൾ അവരുടെ സഭകളെ ത്യജിച്ചു റോമ്മാസഭയിൽ ചേരുന്നു. അതൊക്കെപ്പോകട്ടെ! ചസ്റ്റർട്ടൻ ഈയിടയാണല്ലൊ മാനസാന്തരപ്പെട്ടു റോമ്മാസഭയിൽ ചേന്നതു്. ഒന്നുകിൽ ഇവർ മൂഢന്മാരായതുകൊണ്ടു റോമ്മാസഭയിൽ ചേന്നെന്നു സമ്മതിക്കണം അല്ലെങ്കിൽ റോമ്മാസഭയിൽ 'മൂഢത്വ'മുണ്ടെന്നു പറയുന്നവർ മൂഢന്മാരാണെന്നു സമ്മതിക്കണം. ഇതിനാൽ ഏതാണ് സായ്പ് സമ്മതിക്കുന്നതു്?

സാ- ന്യൂമാൻ, ബെൻസൻ പ്രഭൃതികൾ മൂഢന്മാരാണെന്നു ഞാൻ പറകയില്ല.

ക്രി- ഇതിൽനിന്നു സിദ്ധിക്കുന്ന അനുമാനം നല്ലവണ്ണം ഗ്രഹിച്ചാണോ സായ്പ് ഇങ്ങനെ പറയുന്നതു്?

സാ- അനുമാനവും കിനുമാനവും അങ്ങനെ കിട്ടക്കട്ടേ! റോമ്മാ സഭയിൽ വിഗ്രഹാരാധന ഇല്ലേ?

ക്രി- ഉണ്ടെന്നു സായ്പും കൂട്ടരും പറയും. അല്ലാതെ മററാരും പറയുമെന്നു തോന്നുന്നില്ല.

സാ- ഞാൻ വൃഥാ പറകയല്ല. വേദപുസ്തകം അടിസ്ഥാനമാക്കിയാണു പറയുന്നതു്. പുറപ്പാടു പുസ്തകം തുറന്നു ൨൦=ാം അദ്ധ്യായം നോക്കുക! അതിൽ ഇങ്ങനെ കാണും: അടിമവീടായ മിസ്രയിം ദേശത്തുനിന്നു നിന്നെ കൊണ്ടുവന്നവനായി യഹോവായ ഞാൻ നിൻെറ ദൈവം ആകുന്നു. എൻെറ മുമ്പാകെ അന്യദൈവങ്ങൾ നിനക്കു ഉണ്ടാകരുതു്. നിനക്കു ഒരു വിഗ്രഹത്തെയും ഉണ്ടാക്കരുതു്. മീതെ സ്വഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിൻെറയും പ്രതിമയെ എങ്കിലും അരുതു്. നീ അവയെ കുമ്പിടുകയെങ്കിലും അവയെ സേവിക്കയെങ്കിലും അരുതു്. എന്തെന്നാൽ നിൻെറ ദൈവമായി യഹോവായ ഞാൻ വൈരാഗ്യമുള്ള ദൈവം ആകുന്നു: എന്നോടു പകെക്കുന്നവരിൽ മൂന്നാമത്തവരും നാലാമത്തവരും വരെ ഉള്ള മക്കളുടെമേൽ പിതാക്കന്മാരുടെ അന്യായത്തെക്കുറിച്ചു ചോദിക്കയും; എന്നെ സ്നേഹിച്ച് എൻെറ കല്പനകളെ പ്രമാണിക്കുന്ന ആയിരങ്ങൾക്കും കരുണയെ കാട്ടുകയും ചെയ്യുന്നു.

ക്രി- അതു ഞാൻ ധാരാളം കണ്ടിട്ടുള്ളതാണ്. ഇതിൽ എവിടെയാണു റോമ്മാസഭയിൽ വിഗ്രഹാരാധന ഉണ്ടെന്നു പറഞ്ഞിരിക്കുന്നതു്? എനിക്കു മനസ്സിലാകുന്നില്ല.

സാ- നിനക്കെന്താ തലതിരിഞ്ഞുപോയോ? മീതെ സ്വഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കുകീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിൻെറയും പ്രതിമയെ എങ്കിലും അരുതു്. എന്നവിടെ പറഞ്ഞിരിക്കുന്നതു കാണുന്നില്ലേ?

ക്രി- ഓ ഹോ! കാണുന്നുണ്ട്. അതിനെന്താണ്?

സാ- സ്വഗ്ഗത്തിലും ഭൂമിയിലും, വെള്ളത്തിലും ഉള്ള യാതൊന്നിൻെറയും പ്രതിമകളെ ഉണ്ടാക്കരുതെന്നു യഹോവാ പറയുന്നു, വിലക്കുന്നു. റോമ്മാ സഭ അതിനെതിരായി എന്തുമാത്രം രൂപങ്ങളാണു ഉണ്ടാക്കി പള്ളികളിൽ വെച്ചിരിക്കുന്നതു്? വീടുകളിലും അങ്ങനെ തന്നെ!

ക്രി- റോമ്മാസഭക്കാർ തന്നെയല്ല പ്രതിമകൾ ഉണ്ടാക്കാറുള്ളതു്. എല്ലാവരും ഉണ്ടാക്കുന്നുണ്ട്. പ്രോട്ടസ്റ്റണ്ട് സഭ

ക്കാരുടെ വേദപുസ്തക കഥപ്പുസ്തകങ്ങളും മററുചില പുസ്തകങ്ങളും പടങ്ങൾകൊണ്ടു നിറച്ചാണു ഇപ്പോൾ വെളിക്കവിടാമുള്ളതു്. സായ്പിൻെറ മങ്കളാവിൽ കാണുന്ന ഇവയൊക്കെ എന്താണു്? അതു സായ്പിൻെറ അമ്മയുടെ പടം, ഇതു അപ്പൻെറ, മററതു സഹോദരന്മാരുടെ; ഇതു ഭാൎയ്യയുടേതു. അതുകൊണ്ടുന്ന സാധനപടങ്ങൾ മത്സ്യങ്ങളുടെയും പക്ഷികളുടെയും പടങ്ങളല്ലേ? ഈ മങ്കളാവിൽ ദൈവം ഉണ്ടാക്കരുതെന്നു വിലക്കുന്നതായി സായ്പു് പറയുന്ന "സ്വൎഗ്ഗത്തിലും ഭൂമിയിലും വെള്ളത്തിലും" ഉള്ള എല്ലാററിൻെറയും പടങ്ങൾ അഥവാ പ്രതിമകൾ ഉണ്ടു്.

(തുടരും)

പി. കെ. അന്തോനിക്കത്തനാർ.

# ക്രിസ്തോപദേശശതകം.

ക്രിസ്തുദേവൻ പലസ്തീനിൽ
യാത്രചെയ്തു വരുംവിധൌ
എത്തിച്ചുററും ജനക്കൂട്ടം
സത്യമാം സൂക്തികേൾക്കുവാൻ. 1

ജനത്തെക്കണ്ടുകൊണ്ടീശൻ
കുന്നൊന്നിൽ കയറീടവാൽ
കനിഞ്ഞങ്ങു പ്രസംഗിച്ചാൻ
ഒന്നൊന്നായവ ചൊല്ലിടാം. 3

"ചിത്തേ ദരിദ്രരായുള്ളോ-
രത്യന്തം ഭാഗ്യശാലികൾ
സ്വൎഗ്ഗലോകമവൎക്കാണെ-
ന്നുള്ളകാൎയ്യം ഗ്രഹിക്കുവിൻ." 3

സന്തപിച്ചു വലഞ്ഞീടു-
മവരും ഭാഗ്യമുള്ളവർ;
സാന്ത്വനംകൊണ്ടുമോദിപ്പി-
ച്ചവരെത്തൃപ്തരാക്കിടും. 4

ശാന്തശീലരുമവ്വണ്ണം
ഭാഗധേയമണഞ്ഞവർ;
പാൎത്തലം കിട്ടുമക്കൂട്ട-
ൎക്കവകാശ പ്രകാരമായ് 5

സത്യത്തെപ്പാലനം ചെയ്‌വാ-
നാൎത്തിയുള്ള മഹാജനം
അത്യന്തം ഭാഗ്യമുള്ളോർതാൻ
സത്വരം തൃപ്തരായിടും. 6

കരുണാബുദ്ധികൾക്കുംകേൾ
ഭാഗധേയമിതേവിധം
ഭൂരികാരുണ്യമായോൎക്കും
അന്യരിൽനിന്നു കിട്ടിടും. 7

ഹൃദയം ശുദ്ധമായുള്ളോ-
രവ്വണ്ണംതന്നെ തൃപ്തരാം
ദൈവത്തെക്കണ്ണുകണ്ണായി-
കണ്ടാനന്ദിക്കുമായവർ. 8

സമാധാനം കൊടുപ്പോൎക്കും
ഭാഗ്യംഭാഗ്യം നിനക്കുകിൽ:
'ഈശപുത്ര'രിതിസ്സംജ്ഞ
സിദ്ധിച്ചീടുമിവൎക്കുകേൾ. 9

നീതികൊണ്ടുലോകത്തിൻ
പീഡയേററലയുന്നവർ
തുംഗഭാഗ്യത്തിനീശന്മാ
രവൎക്കുള്ളതു സ്വൎഗ്ഗവും. 10

എൻപേരിൽ നിങ്ങളേ ലോകം
ദ്വേഷിക്കും പീഡചെയ്തിടും
നിങ്ങളോ ഭാഗ്യവാന്മാരാ
ണീവിധം ലോകമെങ്കിലും. 11

ആഹ്ലാദിക്കുക, സൎവ്വേശൻ
നൽകും നിങ്ങൾക്കു വൻഫലം;
പൂൎവ്വത്തിൽ സിദ്ധരേലോകം
പീഡിപ്പിച്ചാരിതേവിധം. 12

നിങ്ങൾ ലോകത്തിനുപ്പാണെ
ന്നുള്ള തത്വം ധരിക്കുവിൻ;
ഉപ്പിന്നുള്ളുറ ചൊരുപ്പായാൽ
നിഷ്ഫലം വൎജ്ജ്യമാണതു്. 13

ലോകത്തിന്നു വെളിച്ചംകേൾ
നിങ്ങളാകുന്നു നിശ്ചയം;
കുന്നിന്മേൽ സ്ഥിതിചെയ്തീടും
നഗരം ഗോപ്യമാകുമോ? 14

കുടത്തിൽത്തിരികത്തിച്ചു
വയ്ക്കുന്നില്ല മനുഷ്യരും
കാലിന്മേൽ വച്ചിടുംപിന്നെ
ഗൃഹമെല്ലാം വെളിച്ചമാം. 15

ദീപംപോൽ ശോഭയേകട്ടേ
ച്ചൂഴംനിൻ ജീവിതം സദാ
നിങ്ങളേക്കണ്ടു മാലോകർ
വാഴ്ത്തട്ടേ സ്വൎഗ്ഗതാതനെ. 16

വേദത്തെ ധ്വംസനംചെയ്വാൻ
വന്നോ നല്ലഹമോൎക്കുവിൻ;
വേദത്തെ നിറവേററീടാൻ
വന്നേൻ ഞാൻ ലോകസന്നിധൌ. 17

വാനംലോകവുമുള്ളപ്പോൾ
പ്രമാണം നിറവേറിടും
ഇമ്മിയും ഭേദമുണ്ടാകാ-
തെല്ലാംവന്നു ഭവിച്ചിടും. 18

നിസ്സാരമാം വേദസൂക്തം
പോലും ലംഘിച്ചതേവിധം
ലോകരേയഭ്യസിപ്പിപ്പോൻ
വാനിൽ നിസ്സാരനായിടും. 19

വേദത്തിൻ വിധിപോലെല്ലാം
ശിക്ഷചെയ്താചരിപ്പവൻ
സ്വൎഗ്ഗലോകേ മഹാനായി
ട്ടവനാദൃതനായിടും. 20

വധിക്കൊല്ലെന്നു വേദത്തിൽ
വിധിച്ചിട്ടുണ്ടു സത്യമായ്;
എന്നിട്ടും ഹിംസചെയ്യുന്നോൻ
അന്ത്യതീൎപ്പിലകപ്പെടും. 21

ഞാൻ ചൊല്ലാമതുമല്ലാരോ
പരനോടനിമിത്തമായ്
അരിശംകാട്ടുമായാളും
അന്ത്യമാം വിധിയിൽപ്പെടും. 22

അതുമല്ലവനോ കോപാൽ
ശകാരം ചെയ്വതന്യനേ,
അവനും ശിക്ഷയാമഗ്നി
ക്കൎഹനാണെ ധരിക്കണം. 23

ആരോടോ വല്ലകാൎയ്യത്താൽ
വൈരമുണ്ടെന്നിരിക്കിലോ
നിൻപൂജയൎപ്പണംചെയ്യും
മുമ്പേപോയിഷ്ടമാകണം. 24

വൈരിയേ വഴിയിൽവെച്ചേ
തൃപ്തനാക്കാതിരിക്കിലോ
വിധിയാളൻ സമക്ഷത്തിൽ-
ച്ചേൎത്തുനിന്നെ വലച്ചിടും. 25

പി. ജെ.

## പ്രാൎത്ഥനയെപ്പററി രണ്ടുവാക്കു്.

### IV. പ്രാൎത്ഥനയുടെ ആവശ്യം.

പെലാജിയൻ ഇടത്തൂടിന്റെ അബദ്ധങ്ങളിൽ ഒന്ന് പ്രാൎത്ഥന രക്ഷക്കാവശ്യമില്ലെന്നുള്ള പ്രഖ്യാപനമാണ്. മനുഷ്യൻ അറിഞ്ഞിരിക്കേണ്ട സത്യങ്ങളെ അറിയാത്തതിനാൽ മാത്രം ശിക്ഷിക്കപ്പെടുന്നു എന്നു ഭക്തിഹീനനായ പെലാജിയസ് പഠിപ്പിച്ചു. പുണ്യവാന്മാരുടെ ശാസ്ത്രം അറിയുന്നതിനുള്ള ഏക മാൎഗ്ഗം പ്രാൎത്ഥനയാണെന്നു വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തു വി. അഗസ്റ്റീനോസ് പെലാജിയസ് പ്രാൎത്ഥന ഒഴിച്ച് മറെറല്ലാത്തിനെപ്പററിയും പ്രതിപാദിച്ചു എന്നു പറക ഉണ്ടായി. പ്രാൎത്ഥനയെപ്പററിയുള്ള വി. ചെറിയയാക്കോബിന്റെ വചനങ്ങൾ ശ്രദ്ധേയങ്ങളായിരിക്കുന്നു. "ആൎക്കെങ്കിലും ബുദ്ധി ആവശ്യമുണ്ടെങ്കിൽ അതിനെ ധാരാളമായി പ്രദാനം ചെയ്യുന്നവനും ഒരുത്തരേയും ശാസിക്കാത്തവനുമായ ദൈവത്തോടു ചോദിക്കട്ടെ" എന്ന് അദ്ദേഹം പറയുന്നു.

രക്ഷപ്രാപിക്കുന്നതിനു പ്രാൎത്ഥന അത്യന്താവശ്യമായ സംഗതിയാണെന്ന് വേദപുസ്തകത്തിൽതന്നെ പലയിടത്തും വ്യക്തമായി പറഞ്ഞിട്ടുണ്ട്. "ക്ഷീണിക്കാതെ സദാ പ്രാൎത്ഥിക്കേണ്ടിയിരിക്കുന്നു. (ലൂക്കാ XIII. I.) "പരീക്ഷയിൽ അകപ്പെടാതിരിപ്പാൻവേണ്ടി ഉണൎന്നിരുന്നു പ്രാൎത്ഥിപ്പിൻ." (മത്താ. XXII. 41) "ചോദിക്കുവിൻ നിങ്ങൾക്കു നല്കപ്പെടും. (മത്താ. VII. 7) "പ്രാൎത്ഥിക്കണം, പ്രാൎത്ഥിക്കുക, ചോദിക്കുക എന്നിത്യാദി വചനങ്ങൾ വേദശാസ്ത്ര പാരംഗതന്മാരുടെ പൊതു അഭിപ്രായപ്രകാരം പ്രാൎത്ഥനയുടെ ആവശ്യത്തെ കാണിക്കുന്നപ്രമാണമാ

കുന്നു. മേൽ ഉദ്ധരിച്ച വാക്യങ്ങൾ പ്രാർത്ഥനയെപ്പററിയല്ല, വെറും നന്മപ്രവൃത്തികളുടെ ആവശ്യത്തെപ്പററി മാത്രമാണ് എന്നു പഠിപ്പിച്ചതിനാൽ വൈക്ലിഫിനെ സഭ ശപിക്കുന്നതിനിടയായി. പ്രാർത്ഥന കൂടാതെ രക്ഷക്കാവശ്യമായിരിക്കുന്ന അനുഗ്രഹങ്ങളെ പ്രാപിക്കുക അസാദ്ധ്യമാണെന്നു വേദപുസ്തകത്തിൽ സ്പഷ്ടമായി പറഞ്ഞിരിക്കെ പ്രായപൂർത്തിയായവർക്കു മോക്ഷപ്രാപ്തിക്കു പ്രാർത്ഥന ആവശ്യമില്ലെന്നു പഠിപ്പിക്കുന്നതു് ഇടത്തൂട്ടതന്നെ എന്നു് ലെസിയൂസ് എന്ന പണ്ഡിതൻ പറഞ്ഞിരിക്കുന്നു.

ഇതിന്റെ കാരണം വ്യക്തമാണല്ലൊ. ദൈവാനുഗ്രഹം കൂടാതെ നമുക്കു യാതൊരു നന്മപ്രവൃത്തിയും ചെയ്വാൻ സാധിക്കുകയില്ല. "എന്നെക്കൂടാതെ യാതൊന്നും ചെയ്വാൻ നിങ്ങൾക്കു സാധിക്കുകയില്ല" (യോഹ. XV. 5) ഈ വാക്യത്തെ വി. അഗസ്തീനോസ് "എന്നെക്കൂടാതെ നിങ്ങൾക്കു ഒന്നും പൂർണ്ണമാക്കുവാൻ പാടില്ല എന്നല്ല, നമ്മുടെ കർത്താവരുളിച്ചെയ്യുന്നതു്. പിന്നെയൊ എന്നെക്കൂടാതെ നിങ്ങൾക്കു യാതൊന്നും ചെയ്വാൻ സാധിക്കുകയില്ല" എന്നു വ്യാഖ്യാനിച്ചിട്ടു ദൈവാനുഗ്രഹം കൂടാതെ നമുക്കു യാതൊരു സൽപ്രവൃത്തിയും ആരംഭിക്കുന്നതിനു പോലും പാടില്ലെന്നു നമ്മെ മനസ്സിലാക്കുന്നു. മാത്രമല്ല, കൊറിന്ത്യർക്കുള്ള രണ്ടാം ലേഖനത്തിൽ ദൈവസഹായം കൂടാതെ നമുക്കു നന്മ ആഗ്രഹിക്കുന്നതിനൊ വിചാരിക്കുന്നതിനുപോലുമൊ പാടില്ലെന്നു് വി. അപ്പോസ്തലൻ പറയുന്നു. ഇതുതന്നെ വേദപുസ്തകത്തിലും ധാരാളമായി കാണുന്നുണ്ടു്. ദൈവം എല്ലാവരിലും എല്ലാം ചെയ്യുന്നു. (I. കോറി. XII. 6) എന്റെ പ്രമാണങ്ങളെ കാക്കുന്നതിനും അവയുടെ വഴിയെ നടക്കുന്നതിനും നിന്നെ പ്രേരിപ്പിക്കും. (Eccl XXXVI. 27) അതുകൊണ്ടു വി. ലെയോൻ പറയുന്നതുപോലെ "ദൈവം തന്റെ അനുഗ്രഹത്താൽ അവനെക്കൊണ്ടു ചെയ്യിപ്പിക്കുന്നതൊഴികെ മനുഷ്യൻ ഒരു നന്മയും ചെയ്യുന്നില്ല." ഇതിനാൽ "നീതീകരണത്തിന്റെ അനുഗ്രഹത്തെ പ്രാപിക്കുന്നതിനു പരിശുദ്ധാത്മാവിയുടെ മുൻപ്രേരണയും സഹായവും കൂടാതെ വേണ്ടവണ്ണം വിശ്വസിപ്പാനോ, ശരണപ്പെടുവാനൊ സ്നേഹിപ്പാനൊ, അനുതപിക്കുവാനൊ മനുഷ്യനു സാധിക്കുമെന്നു പറയുന്നവൻ ശപിക്കപ്പെട്ടവനാകട്ടെ" എന്നു ത്രേന്തോസ് സൂനഹദോസ് പഠിപ്പിക്കുന്നു.

ജീവസംരക്ഷണാർത്ഥം ചില മൃഗങ്ങൾക്കു ഗതിവേഗവും മററു ചിലതിനു നഖങ്ങളും വേറെ ചിലതിനു് ചിറകുകളും സർവ്വശക്തൻ നൽകിയിരിക്കുന്നു. എന്നാൽ മനുഷ്യൻ എല്ലാത്തിലും തന്നെ ആശ്രയിക്കത്തക്കവണ്ണം അവനെ താൻ സൃഷ്ടിച്ചു. മനുഷ്യനുള്ളതൊ ഉണ്ടായിരിക്കാൻ പാടുള്ളതൊ ആയ സമസ്തവും തന്റെ അനുഗ്രഹത്തിൽ നിന്നും പുറപ്പെടേണമെന്നു ദൈവം നിശ്ചയിച്ചിരിക്കയാൽ എന്തെങ്കിലും സ്വശക്തിയാൽ ചെയ്വാൻ അവൻ അശക്തനാകുന്നു.

എന്നാൽ ദൈവത്തിന്റെ സാധാരണ പരിപാലനയിൽ ഈ അനുഗ്രഹങ്ങൾ നൽകപ്പെടുന്നില്ല. ജെനാസിയൂസിന്റെ പ്രഖ്യാതമായ വാക്യത്തിനൊത്തവണ്ണം ദൈവക്ഷണം കൂടാതെ ഒരുത്തനും രക്ഷക്കായത്തമാകുന്നില്ലെന്നും രക്ഷണിക്കപ്പെട്ടവരിൽ ഒരുവനും ദൈവസഹായം കൂടാതെ രക്ഷപ്രാപിക്കുന്നില്ലെന്നും ഈ സഹായം പ്രാർത്ഥിക്കാതെ ആർക്കും ലഭിക്കയില്ലെന്നും നാം വിശ്വസിക്കുന്നു. ഈ രണ്ടുദ്ധരണികളിൽനിന്നും അതായതു്, ഒരു ഭാഗത്തു ദൈവസഹായം കൂടാതെ നമ്മാലൊന്നും സാധ്യമല്ലെന്നും, മറെറ ഭാഗത്തു ഈ സഹായം പ്രാർത്ഥിക്കുന്നവനു മാത്രമെ നൽകപ്പെടുകയുള്ളു എന്നും ഉള്ളതിൽനിന്നു പ്രാർത്ഥനയുടെ ആവശ്യം ഏതാണ്ടു വ്യക്തമാകുന്നുണ്ടല്ലൊ. അനുതാപത്തിനായുള്ള പ്രേരണ ആദിയായ പ്രഥമാനുഗ്രഹങ്ങൾ ഒരു പക്ഷെ പ്രാർത്ഥനകൂടാതെ പ്രാപിച്ചു എന്നു വരാം. പക്ഷെ മററനുഗ്രഹങ്ങളും വിശിഷ്യ അഭിനിവേശം അഥവാ ദൃഢഭക്തിയും പ്രാർത്ഥിക്കുന്നവർക്കു മാത്രമെ നൽകപ്പെടുന്നുള്ളു എന്നു വി. അഗുസ്തീനോസ് പറഞ്ഞിരിക്കുന്നു.

കാപ്പിൽ കുര്യാക്കോസ് ശെമ്മാശ്,

പിഎച്ച്. ഡി.

# ദൈവത്തിൻെറ പുരോഹിതൻ

ഒരു പുരോഹിതൻ ലോകത്തിൽ ദൈവത്തിൻെറ മന്ത്രിയാകുന്നു. അദ്ദേഹം ഒരു ദൈവിക വേലയ്ക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള ഒരു മാനുഷിക ആയുധം മാത്രമാണ്. പിതാവിൻെറ മഹത്വത്തിനായി പുത്രൻ ചെയ്യുന്ന ജോലിതന്നെയാണ് പരിശുദ്ധാത്മാവിൽനിന്നു ശക്തി പ്രാപിച്ചിട്ടുള്ള ഇദ്ദേഹവും ചെയ്യുന്നതു്. ഗാഗുൽത്താ മലയിലെ വിശുദ്ധ രക്തപ്രവാഹത്താൽ വീണ്ടെടുത്ത ആത്മാക്കളെ ദൈവത്തിൻ പക്കലേയ്ക്കു അയയ്ക്കുക എന്നുള്ളതാകുന്നു അദ്ദേഹത്തിൻെറ മഹിമയേറിയ ചുമതല.

മനുഷ്യരുടെ ഒരു ദാസൻ എന്ന നിലയിൽ പുരോഹിതൻ അവരുടെ ഇടയിൽ താമസിക്കുന്നു. എന്നാൽ ദൈവത്തിൻെറ പ്രതിനിധി എന്ന സ്ഥാനത്തിൽ അദ്ദേഹം അവരിൽനിന്നു അകന്നിരിക്കുന്നു. തൻെറ യജമാനൻെറ ചുവട്ടടികൾ അദ്ദേഹത്തേ വഴി കാണിക്കുന്നു. ഗുരുവിനെപ്പോലെ തന്നെ ശിഷ്യനും എല്ലാവർക്കും എല്ലാംആകുന്നു. എല്ലാവരുടെയും സ്നേഹിതനും, ഗുരുവും, വൈദ്യനും, സകലസ്വർഗ്ഗീയവരങ്ങളുടെയും ദാതാവും അദ്ദേഹം തന്നെയാകണം.

വല്ല എളിയ കുടുംബങ്ങളിലും ആയിരുന്നിരിക്കാം അദ്ദേഹത്തിൻെറ ജനനം എന്നാൽ തൻെറ പുരോഹിതസ്ഥാനം ദൈവികമായിട്ടു ഉത്ഭവിച്ചിട്ടുള്ളതാകുന്നു. മനുഷ്യർ ആദ്യമായി ദിവ്യകുഞ്ഞാടിൻെറ വിരുന്നിൽ പങ്കുകൊണ്ട ആ രാത്രിതന്നെയാകുന്നു ഈ ഉന്നത പദവിയും ഉണ്ടായതു്. അന്നു മുതൽ പുരോഹിതൻ പുത്രൻെറ ജോലി നിർവ്വഹണത്തിൽ പിതാവിൻെറ സ്ഥാനത്തിലും പങ്കു കൊള്ളുന്നു. ആദ്ധ്യാത്മിക നിലയിൽ ക്രീസ്തുവിൽ അദ്ദേഹം ജനിപ്പിച്ചിട്ടുള്ള സന്താനങ്ങൾ സാക്ഷാൽ ദൈവത്തിൻെറ മക്കളും കൂടിയാകുന്നു.

കുട്ടികൾ അദ്ദേഹത്തെ സ്നേഹിക്കുന്നു. ദരിദ്രർ അദ്ദേഹത്തെ അനുഗ്രഹിക്കുന്നു; കഷ്ടപ്പാടുകളും ഞെരുക്കങ്ങളും അനുഭവിക്കുന്നവർ അദ്ദേഹത്തെ അന്വേഷിക്കുന്നു; വിരഹ ദുഃഖത്തിൽ മുഴുകിയിരിക്കുന്നവർ അദ്ദേഹത്തിൻെറ വാക്കുകളിൽ നിത്യശരണം നിറഞ്ഞിരിക്കുന്ന ആശ്വാസം കണ്ടെത്തുന്നു. അദ്ദേഹം മനുഷ്യരുടെ സന്തോഷത്തെ വർദ്ധിപ്പിക്കുകയും, അവരുടെ ദുഃഖങ്ങളിൽ പങ്കു കൊള്ളുകയും ചെയ്യുന്നു. അവരുടെ രഹസ്യങ്ങളെ അദ്ദേഹം അഭേദ്യമായി സൂക്ഷിക്കുന്നു. അന്യന്മാരിൽനിന്നു അനുഗ്രഹങ്ങളും സഹായങ്ങളും കൈക്കൊള്ളുന്നതിൽ ക്രൂരതലായി, അന്യന്മാർക്കു അതിനെ പ്രദാനം ചെയ്യുന്നതിനു അദ്ദേഹം ഉൽസുകനായിരിക്കുന്നു.

ദൈവത്തിൽനിന്നു അനുമതി ലഭിച്ചിട്ടുള്ളതിനാൽ അദ്ദേഹം അധികാരത്തോടുകൂടി സംസാരിക്കുന്നു. സ്വരം വെറും മനുഷ്യൻെറതാണെങ്കിലും അദ്ദേഹത്തിൻെറ സന്ദേശം ദൈവത്തിൻെറതാകുന്നു. അദ്ദേഹം സ്വന്ത പ്രമാണങ്ങളെയല്ല, പിന്നെയൊ ക്രൂശിക്കപ്പെട്ട ക്രീസ്തുവിനെപ്പററിയാകുന്നു പ്രസംഗിക്കുന്നതു്: അദ്ദേഹം ജനങ്ങളെ ഗുണദോഷിക്കുന്നു; അപകടങ്ങളെ മുൻകൂട്ടി അവരെ അറിയിക്കുന്നു; അവരെ പ്രോത്സാഹിപ്പിക്കുന്നു; ഇതിനെല്ലാത്തിന്നും ഉപരിയായി പരിശുദ്ധമായ ജീവിതത്താൽ അവർക്കു നല്ല ദൃഷ്ടാന്തം കാണിച്ചുകൊടുക്കുന്നു. ആരെയും ഭയപ്പെടാതെയും, ആരുടെയും പ്രീതിയെ നോക്കാതെയും അദ്ദേഹം 'അത്യന്താപേക്ഷിതമായ ആ ഏക സംഗതി'യെപ്പററി ശക്തിമത്തായി പ്രതിപാദിക്കുന്നു. നിത്യജീവനാകുന്ന തൻെറ സന്ദേശത്തിൻെറ രത്നച്ചുരുക്കം. "അവർ സത്യേക ദൈവമായ അങ്ങേയും, അങ്ങുന്നയച്ച ഈശോമ്ശിഹായേയും അറിയുന്നതിനായിട്ടു" അദ്ദേഹം ശ്രമിക്കുന്നു.

ക്രീസ്തുവിൻെറ നാമത്തിൽ അദ്ദേഹം വരപ്രസാദത്തിൻെറ ഉറവകളെ തുറന്നുവിടുന്നു. അതോടെ ദൈവ വരങ്ങൾ ആറുപോലെ ഒഴുകുകയും ചെയ്യുന്നു. പിശാചിൻെറ അടിമയിൽ കിടക്കുന്ന ആത്മാക്കൾ അദ്ദേഹത്തിൻെറ സഹായത്താൽ വെള്ളത്താലും പരിശുദ്ധാത്രപിയാലും ഒരു മറുജന്മം ജനിച്ചു സാക്ഷാൽ ദൈവപുത്രരായിത്തീരുന്നു. ദൈവകോപത്തിനും ദൈവശിക്ഷക്കും പാത്രവാന്മാരായിരിക്കുന്ന പാപികളെ അദ്ദേഹം കുമ്പസാരക്കാരൻെറ ന്യായാസനത്തിൽ ഇരുന്നുകൊണ്ടു്, ദൈവേഷ്ടത്തിൽ പുനർജ്ജീവിപ്പിക്കുന്നു. കർത്താവിൻെറ ദിവ്യ വിരുന്നിൽ മാലാഖാമാർക്കു പോലും ലഭിക്കാത്ത അസ്വർഗ്ഗീയ അപ്പം അദ്ദേഹം അത്യാശയോടെ പാർത്തിരിക്കുന്ന വിശ്വാസികളുടെ നാവിന്മേൽ വെക്കുന്നു. രണ്ടു മനുഷ്യ ഹൃദയങ്ങൾ തമ്മിലുള്ള പരസ്പരാനുരാഗത്തെ, ദൈവ ബലിപീഠത്തിൻ മുൻപാകെ അഭേദ്യമായ വിധം ബന്ധിച്ചു മുദ്രവെക്കുമ്പോൾ അതിനു സാക്ഷ്യം വഹിക്കുന്നതിനായി അദ്ദേഹം അവിടെ സന്നിഹിതനാകുന്നു. അദ്ദേഹം വഴിയായി തന്നെ സാക്ഷാൽ നിത്യമണവാളനായ മ്ശിഹായുടെ അനുഗ്രഹങ്ങൾ അവരുടെമേൽ ധാരാളമായി പൊഴിയുകയും ചെയ്യുന്നു. ലോകയാത്രയാൽ ക്ഷീണിച്ചു വലയുന്ന ആളിൻെറ കിടക്കയിൻ തലയ്ക്കൽ മുട്ടുകുത്തി അയാളെ നിത്യജീവിതത്തിലേക്കുള്ള യാത്രക്കു ഒരുക്കുന്നു. അയാളെ തൈലലേപനം ചെയ്തു് ശക്തി വർദ്ധിപ്പിക്കയും അയാളുടെ യാത്രയിൽ കൂട്ടുകാരനായി പോകുന്നതിനു മനുഷ്യഗണത്തിൻെറ ഏറ്റവും വലിയ സ്നേഹിതനെ കൂടെ അയക്കയും ചെയ്യുന്നു. ഇപ്രകാരം സകലവിധ സഹായങ്ങളും ചെയ്തതിനു ശേഷം അദ്ദേഹം മനുഷ്യാത്മാവിനോടു ത്രിയേക ദൈവത്തിൻെറ നാമത്തിൽ മാലാഖാമാരുടെ സമൂഹത്തിലേക്കു പോകുവാൻ ആജ്ഞാപിക്കുന്നു. പിന്നീടു അയാൾ തൽക്കാലത്തേക്കു ഭൂമിയിൽ ഉപേക്ഷിച്ചുംവെച്ചു പോയിരിക്കുന്ന ജഡത്തെ ലോകാവസാനത്തിൽ മഹിമയോടുകൂടി ഉയിർത്തെഴുന്നേൽക്കുന്നതിനായി ആശീർവ്വദിക്കപ്പെട്ട സ്ഥലത്തു സംസ്കരിക്കുന്നു.

അദ്ദേഹം ഈശോമ്ശിഹായുടെ പുരോഹിതസ്ഥാനം ധരിച്ചുകൊണ്ടു ബലിപീഠത്തിങ്കലേക്കു കയറുന്നു അദ്ദേഹത്തിൻെറ ബലിപീഠം കുരിശും ബലികഴിക്കപ്പെടേണ്ട വസ്തു മ്ശിഹായും ആകുന്നു. മ്ശിഹായുടെ ഹൃദയത്തോടുകൂടിത്തന്നെ അതിനനുരൂപമായി ചലിച്ചുകൊണ്ടിരിക്കുന്ന അദ്ദേഹത്തിൻെറ ഹൃദയത്തിൽ നിങ്ങൾ ഓരോരുത്തരുടെയും ആഗ്രഹങ്ങളും അപേക്ഷകളും സ്ഥിതിചെയ്യുന്നു. അദ്ദേഹം കഴിക്കുന്ന ആ വിശുദ്ധ പൂജയുടെ ചിറകുകളിന്മേൽ ആവഹിക്കപ്പെട്ടു് ഈ പ്രാർത്ഥനകളെല്ലാം അത്യുന്നതൻെറ സിംഹാസനത്തിങ്കലേക്കു അതിശീഘ്രത്തിൽ ഉയരുന്നു. തുള്ളിതുള്ളിയായി വീണുകൊണ്ടിരിക്കുന്ന കർത്താവിൻെറ തിരുരക്തത്തിനു സകല മനുഷ്യരുടെ പ്രാർത്ഥനയേക്കാളും ഊഹ്യമല്ലാത്തവണ്ണം കൂടുതൽ ശക്തിയുണ്ടു്. തൽഫലമായി ദൈവനീതി തൃപ്തിയടയുന്നു. ദൈവകോപം ശമിക്കുന്നു. ദൈവകാരുണ്യവും അനുഗ്രഹവും ഭൂമിയിലേക്കു വർഷിക്കയും ചെയ്യുന്നു. പട്ടക്കാരൻ നിങ്ങളുടെപേർക്കു ദൈവത്തിൽ നിന്നു അനേക പുതിയ ആശീർവ്വാദങ്ങളെയും വഹിച്ചുകൊണ്ടു ബലിപീഠത്തിൽ നിന്നു ഇറങ്ങിവരികയും ചെയ്യുന്നു.

ഇങ്ങനെയുള്ള ഒരാളാണു് ദൈവത്തിൻെറ സാക്ഷാലുള്ള പുരോഹിതൻ. അദ്ദേഹം സുവിശേഷനിയമങ്ങൾക്കനുസരണമായി തൻെറ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനു എല്ലായ്പോഴും ബദ്ധശ്രദ്ധനായിരുന്നു് തൻെറ ജീവനാകുന്ന ദീപത്തെ ക്രൂശിക്കപ്പെട്ട കർത്താവിൻെറ സക്രാരിയുടെ മുൻപാകെ സദാ പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നു. പുതുതായി സൈത്തു പൂശിയ ആ കൈകൾ നിങ്ങളുടെ തലമേൽ വെച്ചു ആഹ്ലാദസമ്പൂർണ്ണമായ ഹൃദയത്തോടുകൂടി നിങ്ങളെ ആശീർവ്വദിച്ച ആ സ്മരണീയദിവസം തുടങ്ങിയ അദ്ദേഹ

ത്തിന്റെ ജീവിതം, മറെറാരാൽ ശോണിതവർണ്ണമായ പൂജാവസ്ത്രങ്ങൾ ധരിപ്പിച്ച് നിർജ്ജീവമായി തണുത്തിരിക്കുന്ന ആ വിരലുകളെ സ്വർണ്ണക്കാസായിക്കു ചുററിപ്പിടിപ്പിക്കുന്ന ആ ദിവസം അവസാനിക്കുന്നു. ഇല്ല, അന്നും അദ്ദേഹം മരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ "നീ എന്നന്നേക്കും ഒരു പുരോഹിതനാകുന്നു" എന്നു കർത്താവു സത്യംചെയ്തു പറഞ്ഞിരിക്കുന്നു.

കെ. ഇ. ചാക്കോ ബി. എ.

## സാഹിത്യകാരന്മാരുടെ മദ്ധ്യസ്ഥൻ.

ഇപ്പോഴത്തെ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു വി. ഫ്രാൻസിസ് ദെസാലേസ്സിനെ സാഹിത്യകാരന്മാരുടെ മദ്ധ്യസ്ഥനായി കല്പിച്ചുതരികമൂലം നമ്മുടെ കത്തോലിക്കാ സാഹിത്യത്തിനു ഒരു നവജീവൻ ഉണ്ടായിട്ടുണ്ടെന്നു അതിശയലേശം കൂടാതെ സമർത്ഥിക്കാം. ഇതുംകൽ ഏററവും ആഹ്ലാദം പ്രദർശിപ്പിച്ചതു അമേരിക്കൻ പത്രങ്ങളാണ്. ദൈനംദിനമെന്നപോലെ വർദ്ധമാനമായി വരുന്ന ഒരു കലയാണ് സാഹിത്യം. തൻമൂലം അതു അതിന്റെ മുമ്പോട്ടുള്ള ചാട്ടത്തിൽ പിഴച്ചു കാൽവയ്ക്കാതിരിക്കാൻ പ്രത്യേകം സൂക്ഷിക്കണം. എല്ലാ സാഹിത്യ പ്രസിദ്ധീകരണങ്ങൾ കൊണ്ടും ഗുണം ലഭിയ്ക്കയില്ല; പരിശുദ്ധമായവയെ ലോകത്തിൽ നന്മ വിളയിക്കയുള്ളൂ. നമ്മുടെ സാഹിത്യപരിശ്രമങ്ങൾ അബദ്ധകല്മഷങ്ങളും അശ്ലീലങ്ങളും ആകാതിരിയ്ക്കണമെങ്കിൽ പുണ്യവാന്മാരായിരുന്ന എഴുത്തുകാരെപ്പോലെ നാം തൂവലിനെ പ്രയോഗിക്കണം. സാലേസ്സ് പുണ്യവാൻ ഒരു തികഞ്ഞ സാഹിത്യകാരനായിരുന്നു. ഈ പരിശുദ്ധന്റെ സഹായമപേക്ഷിച്ചുകൊണ്ട്, എഴുത്തുകാർ സാഹിത്യാരാമത്തിൽ അഭിയത്നിക്കണമെന്നല്ലയൊ പരിശുദ്ധപിതാവിന്റെ വാഞ്ഛ.

പുണ്യവാനാൽ വിരചിതങ്ങളായ കൃതികളുടെ മാഹാത്മ്യത്തെക്കുറിച്ചുള്ള ചില മഹാന്മാരുടെ സാക്ഷ്യങ്ങളെ താഴെ ഉദ്ധരിക്കുന്നു. പീയൂസ് നവമൻ എന്ന മാർപ്പാപ്പാ പറയുന്നു. 'ആത്മാവിനെ ദൃഢതരമാക്കുന്നതിനും ഹൃദയത്തെ സ്പർശിക്കുന്നതിനും വി. സാലേസ്സിന്റെ ഭക്തിസംവർദ്ധകങ്ങളായ സൂക്തികളേക്കാൾ മെച്ചമായ ഒന്നു ഞാൻ കാണുന്നില്ല. ഞാൻ ദിവസം പ്രതിയുള്ള എന്റെ ധ്യാനത്തിനും വായനയ്ക്കും ഉപയോഗിക്കുന്നതു ആ സിദ്ധന്റെ പുസ്തകങ്ങളാണ്.' സുപ്രസിദ്ധ ഫ്രഞ്ചു വാഗ്മിയായ 'ബൊർഡലൂ'യുടെ അഭിനന്ദനം ഇതിനെയും ഉല്ലംഘിക്കുന്നു. അദ്ദേഹം പറയുന്നു. "മററു ഗ്രന്ഥകാരന്മാരുടെ നേർക്കുള്ള എന്റെ ബഹുമാനത്തിനു യാതൊരു ഭംഗവും കൂടാതെ ഞാൻ പറയുന്നു. വേദപുസ്തകം കഴിഞ്ഞാൽ വിശ്വാസികളുടെ ഇടയിൽ ഭക്തി വർദ്ധിപ്പിക്കുന്നതിനു ഈ പരിശുദ്ധന്റെ ഗ്രന്ഥങ്ങളേക്കാൾ, കൂടുതലായി ഒന്നും ഉപകരിച്ചിട്ടില്ല. പൂർവ്വപിതാക്കന്മാർ നമ്മുടെ മതത്തെ ശത്രുക്കളുടെ ആക്രമണത്തിൽ നിന്നു പരിരക്ഷിക്കാൻ തൂലികായോധനം നടത്തിയിട്ടുണ്ട്. ദൈവശാസ്ത്രജ്ഞന്മാർ സഭയുടെ പാരമ്പര്യങ്ങളെ സംരക്ഷിപ്പാൻ എഴുതിയിട്ടുണ്ട്. ഇവരേവരും അവരവരുടെ തുറയിൽ പ്രകാശിക്കുന്നുണ്ടെന്നുള്ളതു വാസ്തവം തന്നെ. തൻമൂലം നാം അവരോടു കടപ്പെട്ടുമിരിക്കുന്നു. എന്നാൽ ജനതാമദ്ധ്യത്തിൽ യഥാർത്ഥമായ ഭക്തജീവിതം ദൃഢമൂലമാക്കുന്നതിനും അതിന്റെ വഴികളെ ഏവർക്കും സുഗ്രാഹ്യമായ വിധത്തിൽ പ്രസ്താവിക്കുന്നതിനും ഈ പുണ്യവാനു സാധിച്ചിട്ടുള്ളതുപോലെ മററു യാതൊരു എഴുത്തുകാരനും സാധിച്ചിട്ടില്ല."

അസന്മാർഗ്ഗിക ജീവിതത്തിൽ നി

ന്നു മാനസാന്തരപ്പെട്ട ഒരുവനോടു ഫെനലോൺ എന്ന കീർത്തിപെട്ട മെത്രാൻ വി. ഫ്രാൻസീസ്സ് സലേസ്സിന്റെ പുസ്തകങ്ങൾ വായിപ്പാനും അവ വളരെ ഉപകാരം ചെയ്യുമെന്നും ഗുണദോഷിച്ചിട്ടുണ്ടു്. വീണ്ടും; മോൺസ്സീർ ഡുഫ്ൻലോഫ് പറയുന്നു. "വി ഫ്രാൻസീസ്സ് സാലേസ്സ് ഒരു വമ്പിച്ച സാഹിത്യകാരനാണ്. എന്റെ അഭിപ്രായം അദ്ദേഹം സമകാലികന്മാരെയെല്ലാം താഴത്താക്കുന്നുവെന്നത്രെ. പുണ്യം എല്ലാററിനും ഉപകരിക്കുന്നു. അദ്ദേഹത്തിന്റെ മേധാശക്തിക്കു സ്ഥൈര്യവും പരിപാകത്വവും സ്വകപോലകല്പിതത്വവും നൽകിയതു പുണ്യമാകുന്നു." മഹാത്മാക്കളുടെ സാക്ഷികൾ ഇവിടെ നിൽക്കട്ടെ. പുണ്യവാന്റെ ഉപദേശസഞ്ചയത്തിലേക്കു ഒന്നു കണ്ണോടിച്ചു നോക്കാം.

ആദ്ധ്യാത്മിക ജീവിതത്തിന്റെ സകല മർമ്മങ്ങളേയും ഗ്രഹിച്ചുകൊണ്ടാണു പുണ്യവാൻ ഗ്രന്ഥരചനയ്ക്കു ഒരുമ്പെട്ടിട്ടുള്ളതു്. ഒരു ഭാഗവും സ്വശ്രദ്ധയിൽ എത്തപ്പെടാതിരുന്നിട്ടില്ല. സ്നേഹത്തെ പുണ്യവാൻ അതീവവിലമതിച്ചിരുന്നു. അദ്ദേഹം പറയുന്നു; "ദൈവം നമ്മുടെ പ്രവർത്തിയുടെ വലിപ്പമല്ല എത്ര സ്നേഹത്തോടെ അതു ചെയ്യുന്നു എന്നതാണ് പരിഗണിക്കുന്നതു്. ഒരു കഴഞ്ചു സ്നേഹത്തോടുകൂടി ദൈവത്തെപ്രതി രക്തസാക്ഷിയായി മരിക്കുന്നവൻ ഒരു വലിയ പ്രവൃത്തി ചെയ്യുന്നു. എന്നാൽ രണ്ടു കഴഞ്ചു സ്നേഹത്തോടുകൂടി മൊട്ടുസൂചികൊണ്ടു ഒരു കുത്തു് ഏൽക്കുന്നവൻ അതിലും വലിയ പ്രവൃത്തി ചെയ്യുന്നു. പരിപൂർണ്ണത അസാധാരണ കാര്യങ്ങൾ നിർവ്വഹിക്കുന്നതിലല്ല. സാധാരണ കാര്യങ്ങളെ അസാധാരണമായ തീക്ഷ്ണതയോടെ ചെയ്യുന്നതിൽ അത്രെ അടങ്ങിയിരിക്കുന്നതു്. വളരെ കൂട്ടങ്ങൾ ഭരമേററു മോശമായി നടത്തുന്നതിൽ നല്ലതു കുറച്ചു മാത്രം കയ്യേററു ഭംഗിയായി നടത്തുകയാകുന്നു. ഓരോരുത്തനും അവനവന്റെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ചു അസംതൃപ്തിതോന്നുക ലോകസാധാരണമാണു്. നീ അല്ലാത്തതു നീ ആകുന്നതിനു ആഗ്രഹിക്കരുതു്, നീ എന്തു ആകുന്നുവോ അതു നല്ലപോലെ ആകുന്നതിനു ആഗ്രഹിച്ചുകൊൾക. ഓരോരുത്തരും അവരവരുടെ അഭിരുചിക്കു യോജിച്ചവയെ സ്നേഹിക്കുന്നു. കുറച്ചുപേർ മാത്രമെ തങ്ങളുടെ കടമയ്ക്കും നമ്മുടെ കർത്താവിന്റെ രുചിയ്ക്കും യോജിച്ചവയെ സ്നേഹിക്കുന്നുള്ളൂ.

പള്ളിപ്രസംഗത്തെക്കുറിച്ചുള്ള പുണ്യവാന്റെ വാക്കുകളും ശ്രദ്ധേയങ്ങളാണ്. "പ്രസംഗപീഠത്തിൽ കയറുമ്പോൾ നിനക്കു പുറവും കുറച്ചു ശ്രോതാക്കളെ മാത്രമെ കാണുന്നുള്ളുവെങ്കിലും സന്തോഷിക്കുക. ശ്രോതാക്കളുടെ ഭീമസംഖ്യ നിന്നെ ധൈര്യപ്പെടുത്തുകയോ ചെറിയസംഖ്യ അധൈര്യപ്പെടുത്തുകയോ അരുതു്." പ്രസംഗത്തിൽ തർക്കവിഷയങ്ങൾ കൊണ്ടുവരുന്നതിനെ പുണ്യവാൻ വെറുത്തിരുന്നു. "പ്രസംഗത്തിന്റെ ഉദ്ദേശം പിഴതുകളയുകയല്ല, പണിതുയർത്തുകയാകുന്നു. സാധാരണന്മാർ ഒരു എതിർവാദത്തിന്റെ ഖണ്ഡനത്തിന്മേൽ എന്നതിനേക്കാൾ ആ വാദത്തിന്മേലായിരിക്കും ശ്രദ്ധ പതിക്കുന്നതു്. മനുഷ്യമനസ്സു അത്രയ്ക്കു ബലഹീനമാണ്." ഇപ്രകാരമുള്ള സൌവർണ്ണവചസ്സുകൾകൊണ്ടു് ആ പാദശീർഷം മണ്ഡിതമായിരിക്കുന്നു പണ്ഡിതനായ ഈ പുണ്യശ്ലോകന്റെ ഗ്രന്ഥതല്ലജങ്ങൾ. ഇവയിലൊന്നെങ്കിലും ഭാഷാന്തരപ്പെട്ടോ അല്ലെങ്കിൽ രൂപാന്തരപ്പെട്ടോ കേരളീയർക്കു ലഭിച്ചിട്ടില്ലെന്നുള്ളതു ഒരു പോരായ്മ തന്നെ. ഏതാനും കൊല്ലങ്ങൾക്കു മുമ്പ് കുസുമ പംക്തികളിൽ 'ഫിലോത്തയാ'യുടെ ഒരു തർജ്ജമ കുറെ നാളത്തേയ്ക്കു കണ്ടതായി എനിക്കൊരു നേരിയ ഓർമ്മയുണ്ടു്. തൽകർത്താവോ മറെറാ അനർഘമായ ആ കൃതിയെങ്കിലും പുറപ്പെടുവിച്ചു കാണാൻ ആഗ്രഹിക്കുന്നു.

ഫാദർ മാത്യു പുതിയിടം.

# കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്കു്.

## ഡോമ്നിക്ക സാവ്യോ.

### XI. ആശാനിഗ്രഹം.

പ്രിയ കുഞ്ഞുങ്ങളേ,

അമ്പതുനോയമ്പു ആരംഭിച്ചിരിക്കയാണല്ലോ. നോമ്പുകാലം തപസ്സിന്റെയും ആശാനിഗ്രഹത്തിന്റെയും കാലമാണ്. അതുകൊണ്ടു ഡൊമ്നിയുടെ ആശാനിഗ്രഹത്തെപ്പററി ഇത്തവണ അല്പം പറയാം.

തപസ്സെന്നും ആശാനിഗ്രഹമെന്നും കേൾക്കുമ്പോൾ പേടിക്കുന്ന കുട്ടികളുണ്ടാകും. എന്നാൽ പതിന്നാലു വയസ്സു മാത്രം പ്രായമായിരുന്ന നിങ്ങളുടെ ഈ സ്നേഹിതൻ ഇക്കാര്യത്തിൽ എങ്ങിനെയായിരുന്നെന്നു കേൾക്കുമ്പോൾ ആ കൂട്ടർക്കു ലജ്ജ തോന്നാതിരിക്കയില്ല. മനുഷ്യന്റെ ശരീരവും പഞ്ചേന്ദ്രിയങ്ങളും, വേണ്ടപോലെ സൂക്ഷിച്ചില്ലെങ്കിൽ ഇടവിടാതെ അവനെ ആപത്തിൽ ചാടിക്കാൻ തരം നോക്കി നടക്കുന്ന ശത്രുക്കളാണെന്നു നമ്മുടെ പുണ്യബാലൻ നേരത്തെ നല്ലവണ്ണം മനസ്സിലാക്കി. കണ്ണിന്റെ കാര്യത്തെക്കുറിച്ചു് ഡൊമ്നി പറയുന്നതുതന്നെ കേൾക്കുക: "നമ്മുടെ കണ്ണുകൾ രണ്ടു വാതലുകളാണു; അതിലെ മാലാഖമാരാണോ പിശാചുക്കളാണോ അകത്തേയ്ക്കു കടന്നുപോകുന്നതെന്നു നോക്കി നില്ക്കേണ്ടതു നമ്മുടെ ചുമതലയാണ്." ഒരിക്കൽ ഒരു കുട്ടി പള്ളിക്കൂടത്തിലേക്കു എന്തോ ഒരു പടം കൊണ്ടുവന്നു. കുട്ടികളെല്ലാവരും ഓടിക്കൂടി അതു കണ്ടുകൊണ്ടു നില്ക്കയായിരുന്നു. വല്ല നല്ല പടവും ആയിരിക്കുമെന്നു കരുതി ഡൊമ്നിയും അവിടെച്ചെന്നു. അപ്പോഴാണ് ആഭാസമായ ഒരു വികൃത രൂപമാണതെന്നു മനസ്സിലായതു്. തൽക്ഷണം ഭക്തിവൈരാഗ്യത്തോടെ അതു വാങ്ങി തുണ്ടുതുണ്ടായി കീറി നിലത്തെറിഞ്ഞിട്ടു നമ്മുടെ പുണ്യബാലൻ ഇങ്ങനെയാണ് പറഞ്ഞതു്. "ആത്മാക്കളെ നശിപ്പിക്കാൻ പിശാചു ഒരുക്കിവച്ചിരിക്കുന്ന ഇത്തരം കാഴ്ചകൾ കാണാനല്ല ദൈവം നമുക്കു കണ്ണു തന്നിരിക്കുന്നതു്. മോശമായ ഒരു നോട്ടംകൊണ്ടു ആത്മാവിൽ പാപം കയറുമെന്നു പലപ്പോഴും കേട്ടിട്ടുള്ളതു നിങ്ങൾ മറന്നുപോയെന്നു തോന്നുന്നു".

ഹാ! പ്രിയ കുഞ്ഞുങ്ങളേ! നിങ്ങൾ ഈ തപസ്സുകാലത്തു മററു പ്രായശ്ചിത്തങ്ങളൊന്നും ചെയ്യണമെന്നു ഞാൻ പറയുന്നില്ല. ഡൊമ്നിയുടെ ഈ ശാസന ഓർത്തുകൊണ്ടാൽ മാത്രം മതി. ഹാ! കഷ്ടം! കഷ്ടം!! എത്ര കുട്ടികളാണ് യാതൊരു ചിന്തയും കൂടാതെ ഈ വാതുക്കൽക്കൂടെ പിശാചുക്കളെ കടത്തിവിടുന്നതു! എത്ര കുററമില്ലാത്ത ആത്മാക്കളാണ് ഈ വഴിക്കു നിർഭാഗ്യമായി നശിക്കാൻ ഇടയാകുന്നതു. ആകയാൽ ആത്മാവിന്റെ കുററമില്ലായ്മയെ നഷ്ടപ്പെടുത്തിക്കളയാതിരിപ്പാൻ നിങ്ങൾ ആഗ്രഹിക്കുന്നോ? നിങ്ങളുടെ കണ്ണുകൾക്കു കാവൽ വയ്ക്കുക. പരിശുദ്ധ കന്യാവ്രതമെന്ന മാലാഖാസ്കൂട്ടത്ത പുണ്യത്തിനു ഭംഗം വരാതിരിക്കണമെന്നു ആഗ്രഹമുണ്ടോ? നിങ്ങളുടെ കണ്ണുകളെ നിങ്ങൾ സൂക്ഷിക്കുക. ഡൊമ്നിക്കു തന്റെ നാവിനെ അടക്കിവന്ന വിധത്തെക്കുറിച്ചും, ശനിയാഴ്ചതോറും മാതാവിനെക്കുറിച്ചു അപ്പവും വെള്ളവും മാത്രം ഭക്ഷിച്ചുകൊണ്ടു ഒരുനേരം നോല്പാനും, അമ്പതുനോമ്പിലെ വെള്ളിയാഴ്ചകൾ കഠിന ഉപവാസം അനുഷ്ഠിപ്പാനും ശ്രമിച്ചതിനെപ്പററിയും മററും ഞാൻ നിങ്ങളോടു ഒന്നും പറയുന്നില്ല. കണ്ണുകളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നേ അപേക്ഷിക്കുന്നുള്ളു. ഇതിനു പ്രയാസവും ഓർമ്മക്കേടും വരുമ്പോൾ നമ്മുടെ കർത്താവിന്റെ ആ മുൾമുടിയെപ്പററി ഒന്നു ചിന്തിക്കുക. തിരുരക്തം തന്റെ കണ്ണുകളിൽക്കൂടി ഒഴുകി വീഴുന്നതിനു ആരാണു കാരണം?

ഔസേപ്പു പിതാവിന്റെ വണക്കമാസവും തുടങ്ങിയിരിക്കുന്നു. വീടുകളിൽ രൂപം അലങ്കരിച്ചു വണക്കമാസം മോടിയായി നടത്തുന്നതിനു മുന്നിട്ടുനിന്നു

പ്രവൎത്തിക്കേണ്ടതു കുട്ടികളാണ്. "തിരുഹൃദയ സ്നേഹിതനായ വിശുദ്ധ യൌസേപ്പേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!" എന്നുള്ള സുകൃതജപം കൂടക്കൂടെ നാവിന്മേൽ ഉണ്ടായിരിപ്പാൻ ശ്രമിക്കുക. എനിക്കുവേണ്ടിയും അപേക്ഷിക്കണമെ.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചൻ.

P. S. കുസുമമത്സരത്തിനു സമ്മാനം നിശ്ചയിച്ചിരിക്കുന്ന കീൎത്തിമുദ്ര എങ്ങനെയുള്ളതെന്നു പലരും ചോദിക്കുന്നു. മലബാർ കത്തോലിക്ക വിദ്യാൎത്ഥി സംഘത്തിന്റെ മെഡൽ നിങ്ങൾ പലരും കണ്ടിരിക്കുമല്ലൊ. ആ സമ്പ്രദായത്തിൽ കുസുമം വകയായി പ്രത്യേക ഒരു മെഡൽ കുഞ്ഞുമക്കൾക്കായി ഉണ്ടാക്കാനാണ് നിശ്ചയിച്ചിട്ടുള്ളതു്. വരിക്കാരുടെ തുകയും പണപ്പിരിവും കൂടി വരുന്ന പക്ഷം നമ്മുടെ മെഡൽ അതിനെക്കാൾ ഭംഗിയാക്കാൻ പ്രയാസമില്ല. പടത്തിനുള്ള എഴുത്തുകൾക്കു കണ്ട ജാഗ്രത പോലെ കുസുമ മത്സര വിഷയത്തിൽ കാണാത്തതിൽ മനസ്സാപമുണ്ടു്. ഏതായാലും മത്സരം വിജയമാക്കുന്നതിന്നു കഴിഞ്ഞ തവണ കാണിച്ചിരുന്ന നാല്പത്തൊൻപതു സ്ഥലത്തുള്ള കുഞ്ഞുമക്കളും പ്രത്യേകം ശ്രമിച്ചു കാണ്മാൻ ആഗ്രഹിക്കുന്നു.

## തിരുഹൃദയ ഭക്തന്മാർ ൲൱൨ മീനമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

### സന്മാൎഗ്ഗജീവിതമാഹാത്മ്യം.

"ഈ ലോകത്തിലുള്ളതെല്ലാം കണ്ണുകളുടെ ദുരാശയും, മാംസത്തിന്റെ ദുരാശയും, ജീവിതത്തിന്റെ ഡംഭും ആകുന്നു'' (1. യോഹന്നാൻ, II. 16.) എന്നു വി. സുവിശേഷകൻ നമ്മെ പഠിപ്പിക്കുന്നു. ഇതിന്റെ വാസ്തവം ഗ്രഹിക്കണമെങ്കിൽ ലോകരംഗത്തിലേക്കു നമ്മുടെ ദൃഷ്ടിയെ തിരിച്ചു് അതിൽ അഭിനയിക്കപ്പെടുന്ന പ്രാകൃതവേഷങ്ങളെ നാം സൂക്ഷിച്ചാൽ മതിയാകും. സന്മാൎഗ്ഗജീവിതത്തിന്മേൽയാതൊരുചിന്തയുമില്ലാതെ, ക്ഷണഭംഗുരങ്ങളായ ലൌകിക നന്മകളിലേക്കു മാനുഷരുടെ ഹൃദയങ്ങൾ ചാഞ്ഞിരിക്കുന്നതും, അതിന്നനുസരണമായി പ്രവൃത്തിക്കുന്നതും കാണാം. ജപതപോദാനധൎമ്മങ്ങൾക്കു സമയമില്ല, സൌകൎയ്യമില്ല, മനസ്സുമില്ല. ആജ്ഞാനുസരണം സ്വന്തമഹിമയ്ക്കു യോജിക്കാത്ത ഒന്നായി വൎജ്ജിക്കുന്നു. അമിതഭോജനവും മദ്യപാനവും സൎവ്വത്ര പ്രചരിക്കുന്നു. ശൃംഗാരവിഷയങ്ങളിൽ ആശ വൎദ്ധിച്ചു വരുന്നു. വസ്ത്രധാരണയിൽ സീമാധികമായ ഭ്രമം കണ്ടുവരുന്നു.



ഏതാദൃശമായ ദുരാശകളെ അടക്കി ദൈവപ്രമാണത്തിനും മനസ്സാക്ഷിക്കും അനുസരണമായി നയിക്കുന്ന ജീവിതമാണ് സന്മാൎഗ്ഗജീവിതമെന്നു പറയുന്നതു്. ദുരാശകൾ സദാ മനുഷ്യനെ സന്മാൎഗ്ഗജീവിതത്തിൽനിന്നു അകററുന്നതിനു യുദ്ധം ചെയ്യുന്നു. മേലംശവും കീഴംശവും തമ്മിലുള്ള ഈ യുദ്ധം എല്ലാ മനുഷ്യരിലും ഉണ്ടാകുന്നുണ്ടു്. വിശ്വാസത്താൽ പ്രകാശിപ്പിക്കപ്പെട്ട ബുദ്ധികൊണ്ടു് കീഴംശത്തിന്റെ ദുഷ്പ്രേരണകളെ ഗ്രഹിച്ചു എതിൎത്തുനില്ക്കുന്നവൻ ഈ സമരത്തിൽ ജയം പ്രാപിക്കുന്നു. അല്ലാത്തവർ എളുപ്പത്തിൽ അധഃപതിച്ചു പോകുന്നു. വി. അഗുസ്തീനോസു പറയുന്നതുപോ

ലെ വാനാരൂപികളുടെയും മൃഗങ്ങളുടെയും മദ്ധ്യേയുള്ള ഒരു ജീവിതപദ്ധതിയാണ് മനുഷ്യനു നൽകപ്പെട്ടിരിക്കുന്നതു്. അവൻെറ ദുരാശകളോടു എതിർത്തു് ജയം പ്രാപിക്കുന്നുവെങ്കിൽ അവൻെറ ജീവിതം അരൂപികൾക്കു തുല്യമായിത്തീരുന്നു. തൻെറ ആശാപാശങ്ങൾക്കു അവൻ വശംവദനാകുന്നപക്ഷം അവൻെറ ജീവിതം മൃഗങ്ങൾക്കു സമമായിത്തീരുകയാണ് ചെയ്യുന്നതു്. സന്മാർഗ്ഗജീവിതം അനുഷ്ഠിക്കുന്നതു എത്ര മാഹാത്മ്യമുള്ളതാണെന്നു ഇതിൽനിന്നു വിശദമാകുന്നുണ്ടല്ലൊ. ആശകളെ അമർത്തുന്നതിനും, നിഗ്രഹിക്കുന്നതിനും, ബുദ്ധിക്കു കീഴ്പ്പെടുത്തുന്നതിനും തപസ്സും പ്രായശ്ചിത്തവും ആവശ്യമായിരിക്കുന്നു. അതിനാൽ തിരുസഭ തൻെറ മക്കൾക്കു തപസ്സിൻെറ കാലങ്ങൾ നിശ്ചയിച്ചുകൊടുക്കയും അതിൽ അഭ്യസിക്കുന്നതിനു ഉപദേശിക്കയും ചെയ്യുന്നു. ഈവിധ മാർഗ്ഗങ്ങളെ ഉപയോഗിച്ച് സന്മാർഗ്ഗജീവിതം നയിക്കുന്നവർ മാത്രമേ ഈലോകത്തിൽ മനസ്സമാധാനവും, പരലോകത്തിൽ നിത്യഭാഗ്യവും അനുഭവിക്കയുള്ളൂ. ആകയാൽ ഈ തപസ്സുകാലത്തു ഇപ്രകാരമുള്ള സന്മാർഗ്ഗജീവിതപ്രതിപത്തി ലോകത്തിൽ പ്രബലപ്പെട്ടുവരുന്നതിനു തിരുഹൃദയഭക്തന്മാർ പ്രത്യേകിച്ചു പ്രാർത്ഥിക്കണം.

മേടമാസം:- "സ്ത്രീജനങ്ങളുടെ കത്തോലിക്കാ പരിശ്രമങ്ങൾ."

---

## പുതിയ പ്രസിദ്ധീകരണങ്ങൾ.

### 1. ഭക്തഗാനമാലിക.

കൊൺവേർഷ്യൻ ലീഗ്, പുത്തൻപള്ളി, വരാപ്പുഴ. വില ഒന്നര അണ.

ഗംഭീരങ്ങളായ പ്രസംഗങ്ങൾ കേട്ടു മുഷിഞ്ഞിരിക്കുന്ന അവസരത്തിൽ ഭാഗവതരുടെ സ്വരം മുഴങ്ങിത്തുടങ്ങുമ്പോൾ സഭാവാസികൾക്കുണ്ടാകുന്ന ആനന്ദത്തിനു തുല്യമാണ് ലീഗു പ്രസിദ്ധീകരണ ശേഖരത്തിൽ റവ. ഫാദർ മാത്യു വടക്കേൽ അവർകളുടെ ഈ "ഭക്തഗാനമാലിക" കൊണ്ടുണ്ടായിട്ടുള്ള ഫലം. ഭക്തിജനകങ്ങളായ വിഷയങ്ങളെപ്പറ്റി, സന്മാർഗ്ഗ സംവദ്ധകങ്ങളായ ആശയങ്ങളെ, ഹൃദയാകർഷകമായ വിധത്തിൽ കോർത്തിണക്കിയിട്ടുള്ള ഈ സുഗന്ധമാലിക എല്ലാ കത്തോലിക്കാ കുട്ടികളുടെയും കഴുത്തിൽ അണിഞ്ഞുകാണ്മാൻ ഞങ്ങൾ ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു. ആഭാസകീർത്തനങ്ങൾകൊണ്ടുണ്ടാകുന്ന നാശഫലങ്ങൾ ഇന്നു ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. സാന്മാർഗ്ഗിക കീർത്തനങ്ങൾ നിമിത്തമുണ്ടാകാവുന്ന സൽഫലങ്ങളും അതുപോലെ തന്നെ. ആകയാൽ റവ. ഫാദർ വടക്കേൽ അവർകളുടെ ഈ ശ്രമത്തെ ഞങ്ങൾ നിർവ്യാജമായി അഭിനന്ദിക്കുന്നു.

### 2. A Brief Sketch of the History of the St. Thomas Christians.

റവ. ഫാദർ ഹില്ലാരേയോൻ സി. ഡി. വേദപ്രചാര ഡയറക്ടർ, മുത്തോലി. വില 8 അണ.

കേരളീയ ചരിത്രകാരനായ റവ. ഫാദർ ബെർണ്ണാർഡ് സി. ഡി. അവർകൾ രണ്ടു വലിയ പുസ്തകങ്ങളായി മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള മാർതോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രത്തെ സംഗ്രഹിച്ച് അദ്ദേഹംതന്നെ ഇംഗ്ലീഷിൽ എഴുതിയിട്ടുള്ളതാണ് ഈ ചെറിയ പുസ്തകം. മലങ്കര സുറിയാനി സഭയുടെ ആധുനിക കാലപര്യന്തമുള്ള ചരിത്രം വിശദമായും നിഷ്പക്ഷമായും സംക്ഷേപമായും ഇതിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. വേദപ്രചാര വേലയ്ക്കായി ഈ പുസ്തകം ഗ്രന്ഥകാരൻ വിട്ടുകൊടുത്തിരിക്കുന്നതിനാൽ ഈ പുസ്തകം വാങ്ങി വായിക്കയൊ അകത്തോലിക്കർക്ക് വിതരണം ചെയ്കയൊ

ചെയ്യുന്നതു മഹത്തായ പ്രസ്തുത കാൎയ്യത്തിലേക്കും വലിയൊരു സഹായമായിരിക്കും.

3. കിണ്ടർ ഗാർട്ടൻ കഥകളും പാട്ടുകളും.

എ. റ്റി. ദേവസ്സി എങ്ങണ്ടിയൂർ.

വില രണ്ടണ.

പ്രാഥമിക വിദ്യാലയങ്ങളിലെ കുട്ടികൾക്കു കിണ്ടർ ഗാർട്ടൻ രീതിയിൽ അദ്ധ്യയനം നടത്തുന്നതിനു പററിയ ഒരു ചെറുപുസ്തകമാണിതു്. വിദ്യാൎത്ഥികളിൽ അഭിനയ ചാതുൎയ്യം വികസിപ്പിക്കത്തക്ക പല നല്ല കഥകളും പാട്ടുകളും ഇതിൽ കാണുന്നതു അത്യന്തം ഹൃദ്യങ്ങളായിരിക്കുന്നു.

## വൎത്തമാന സംഗ്രഹം.

### കേരളം.

മലങ്കര മെത്രാപ്പോലീത്താ ആയ കണ്ടത്തിൽ മാർ അഗസ്തീനോസു തിരുമേനിയുടെ സ്ഥാനാരോഹണത്തിൽ അദ്ദേഹത്തെ അനുമോദിക്കുന്നതിലേക്കു കൊച്ചി ദിവാൻജി അവർകളുടെ അദ്ധ്യക്ഷതയിൽ പെരുമാനൂർവച്ചു ഫെബ്രുവരി 15-ാംനു- ഞായറാഴ്ച ഒരു മഹായോഗം നടന്നിരിക്കുന്നു.

തിരുവിതാംകൂർ നിയമസഭയുടെ കഴിഞ്ഞ സമ്മേളനം 11 ദിവസംകൊണ്ടു് അവസാനിച്ചിരിക്കുന്നു. വൈക്കം ക്ഷേത്രറോഡു സംബന്ധിച്ച സഞ്ചാരസ്വാതന്ത്ര്യപ്രമേയം വോട്ടിനിട്ടതിൽ ഒരു വോട്ടിന്റെ കുറവുകൊണ്ടു തള്ളപ്പെട്ടുപോകയാണുണ്ടായതു്. ഒരു ഈഴവമെമ്പർകൂടെ അതിനു പ്രതികൂലിച്ചു വോട്ടു ചെയ്യുന്നുള്ളതു പ്രത്യേകം പ്രസ്താവാൎഹമാണു്.

വരാപ്പുഴ അതിരൂപതയുടെ വികാരിജനറാൾ വെറി. റവ. ഫാദർ ഡൊമ്നിക്കു അവർകൾ ഫെബ്രുവരി 15-ാംനു- ഞായറാഴ്ച എർണാകുളം ജനറൽ ആസ്പത്രിയിൽവച്ചു് നിൎയ്യാതനായിരിക്കുന്നതിൽ ദുഃഖിക്കയും അദ്ദേഹത്തിന്റെ ആത്മാനുകൂലത്തിനായി വിശ്വാസികൾ പ്രാൎത്ഥിക്കണമെന്നപേക്ഷിക്കയും ചെയ്യുന്നു.

പരേതനായ മൊൺസിഞ്ഞോർ ആലപ്പാട്ടുഅവർകൾക്കു പകരം തൃശൂർ വികാരിജനറാളായി മോൺസിഞ്ഞോർ മാത്യു എടക്കളത്തൂർ അവർകൾ നിയമിക്കപ്പെട്ടിരിക്കുന്നു.

തൃശൂർ വലിയപള്ളിക്കേസിന്റെ വിചാരണ പൊളിററിക്കൽ ഏജണ്ടു മിസ്റ്റർ കോട്ടൻ ആരംഭിച്ചിരിക്കുന്നു. മിസ്റ്റർ കോട്ടന്റെ വിധി ചീഫ് കോർട്ടുവിധിയായി കരുതേണ്ടതും, അതിനെപ്പററി കൊച്ചിയിലുള്ള യാതൊരു കോർട്ടിലും ചോദ്യപ്പെടാൻ പാടില്ലാത്തതുമാണെന്നു് കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു ഗസററിൽ വിജ്ഞാപനംചെയ്തിട്ടുണ്ടു്.

തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലെ അമ്മതത്തു ആപിയായ സ്വന്തചിലവിലേക്കായി പ്രതിവൎഷം അറുപതിനായിരം റുപ്പികയും അന്ത്യദിക്കിലേക്കുള്ള എഴുന്നള്ളത്തുകൾ മുതലായവക്കായി ഇരുപത്തയ്യായിരം രൂപയും അനുവദിച്ചിരിക്കുന്നു.

മഹാറാണിറീജന്റുതിരുമനസ്സുകൊണ്ടു് ദേഹസുഖാൎത്ഥം ഏതാനും ദിവസങ്ങൾ പീരുമേട്ടിൽ എഴുന്നള്ളിത്താമസിക്കുന്നതാണു്.

ഉന്നതവിദ്യാഭ്യാസാൎത്ഥം എഡിൻബറോയിൽപോയി താമസിച്ചിരുന്ന എട്ടുപറയിൽ മാത്യു അവർകൾ ബി. ഏ. ഫെബ്രുവരി 8-ാംനു- ഞായറാഴ്ച അവിടെ വച്ചു പരലോകപ്രാപ്തനായ വിവരം ദുഃഖസമേതം അറിയിച്ചുകൊള്ളുന്നു. സൽസ്വഭാവിയും ഒരുത്തമകത്തോലിക്കനുമായിരുന്ന ഈ യുവാവിനുവേണ്ടി കുസുമവായനക്കാർ പ്രാൎത്ഥിപ്പാറാകണം.

### ഭാരതം.

തൃശ്ശിനാപ്പള്ളിൽ ഒരു സൎവ്വകലാശാല സ്ഥാപിക്കുന്നതിലേക്കു ഊൎജ്ജിതമായ ആലോചനകൾ നടന്നുവരുന്നു.

ബൎമ്മായിൽ നാലുവയസ്സു പ്രായമുള്ള ബുദ്ധമതസ്ഥനായ ഒരു കുട്ടി അദ്ധ്യാത്മശാസ്ത്രസംബന്ധമായ കാൎയ്യങ്ങളെപ്പ

ററി അവടത്തെ പുരോഹിതന്മാർപോലും ആശ്ചര്യപ്പെടുവാൻ തക്കവിധത്തിൽ പ്രസംഗിച്ചു വരുന്നതായികാണുന്നു.

മദ്രാസിലെ ലൊയോളാകോളജിൽ അടുത്ത ജൂലൈമാസത്തിൽ ഇൻറർ മീഡിയററ്, ബി. ഏ. എന്ന ക്ലാസുകൾ ഏൎപ്പെടുത്തി പഠനം ആരംഭിക്കത്തക്കവണ്ണം ഊർജ്ജിതത്തിൽ പണി നടത്തിവരുന്നു.

പരിശുദ്ധ പിതാവു തിരുമനസ്സിലെ സ്ഥാനാരോഹണത്തിൻെറ നാലാം വാൎഷികദിനമായ ഫെബ്രുവരി 6–ാംനു- വിസിററർ അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു താഴെക്കാണുന്ന കമ്പി സന്ദേശം അയച്ചിരിക്കുന്നു. “വിസിറാർ അപ്പസ്തോലിക്കാ സ്ഥാനാമത്തിലും ഇൻഡ്യയിലെ മെത്രാന്മാരുടെയും പട്ടക്കാരുടേയും ജനങ്ങളുടേയും നാമത്തിലും പരിശുദ്ധപിതാവിനെ ഹാർദ്ദമായി അനുമോദിച്ചുകൊണ്ടു് ആശീർവ്വാദം അപേക്ഷിച്ചുകൊള്ളുന്നു”.

ദിവാൻ ബഹദൂർ സ്വാമിക്കണ്ണുപിള്ള അവർകളെ മദ്രാസ് നിയമസഭയുടെ അദ്ധ്യക്ഷനായി വീണ്ടും തെരഞ്ഞെടുത്തു നിയമിച്ചിരിക്കുന്നു

മംഗലപുരം സെൻറു അലോഷ്യസ് കോളജിൽ നിന്നു കടലിൽ കുളിക്കാൻ പോയ മൂന്നു കുട്ടികൾ തിരയിലകപ്പെട്ടു അകാലമൃത്യു പ്രാപിച്ചിരിക്കുന്നു. കുട്ടികൾ മൂന്നുപേരും മംഗലപുരം സ്വദേശികളും അവരിൽ രണ്ടുപേർ സീനിയർ ഇൻറർമിഡിയററു വിദ്യാൎത്ഥികളും ഒരാൾ ആറാം ഫോറം വിദ്യാർത്ഥിയുമാണെന്നറിയുന്നു.

വിസിററർ അപ്പസ്തോലിക്ക തിരുമനസ്സുകൊണ്ടു സെക്കന്തറാബാദിൽ നിന്നു ബസവാഡയിലേക്കു പോകയും അവിടെ നിന്നു കഴിഞ്ഞയാഴ്ച കൽക്കട്ടായിൽ എത്തുകയും ചെയ്തിരിക്കുന്നു.

## ഇററലി.

പ്രദേശ പ്രവൎത്തകന്മാരായി റോമയിലെത്തിയിട്ടുള്ള മിഷ്യനറിമാർക്കു ജനുവരി 5-ാംനു- മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ദരസാധാരണ സന്ദൎശനം അനുവദിച്ചിരിക്കുന്നു. 300–ൽപ്പരം മിഷ്യനറിമാർ സന്നിഹിതരായിരുന്നു.

ഇററലിയിലെ പ്രധാന മന്ത്രിയായ സിഞ്ഞോർ മുസ്സോലീനിക്കു ഇൻഫ്ളുവെൻസാ പിടിപെട്ടു കിടപ്പിലാണെന്നറിയുന്നു.

റോമിനുപോയിരുന്ന ബോംബെയിലെ ഗൂഡിയർ മെത്രാപ്പോലീത്താ തിരുമേനിക്കു പരിശുദ്ധപിതാവു കല്പിച്ചരുളിയ സന്ദൎശനാവസരത്തിൽ ഇൻഡ്യയിലെ ക്രിസ്ത്യാനികളും മുഹമ്മദീയരും തമ്മിലുള്ള മൈത്രി സംബന്ധിച്ചു പ്രത്യേകം സംസാരിച്ചതായികാണുന്നു.

വത്തിക്കാൻ സ്ഥാനപത്യം നിറുത്തലാക്കുന്നതിനു ഫ്റഞ്ചു പാർലമെൻറിൽ തീർച്ചയാക്കിയിരിക്കുന്നു. എങ്കിലും അൽസാസ് ലോറെയിനു തനിച്ചു ഒരു പ്രതിനിധിയേ അയയ്ക്കുവാൻ തീർച്ചയാക്കിയിട്ടുണ്ടു്.

ജപ്പാൻ ഗവമ്മെണ്ടു വത്തിക്കാനിലേക്കു ഒരു പ്രതിനിധിയെ അയയ്ക്കുന്നതിനുവേണ്ടി ആലോചന തുടങ്ങിയിരിക്കുന്നു.

## ഇംഗ്ലണ്ടു്.

ചക്രവൎത്തി തിരുമനസ്സിലേക്കു പിടിപെട്ടിരിക്കുന്ന ഇൻഫ്ളുവെൻസാ പനി ഭേദപ്പെട്ടുവരുന്നതായി കാണുന്നു.

ഇംഗ്ലണ്ടിലെ പാർലമെൻറു സഭാംഗങ്ങളിൽ മുപ്പതുപേൎക്കു ഇൻഫ്ളുവെൻസാ ബാധിച്ചതായി അറിയുന്നു.

ഇക്കഴിഞ്ഞ ഒരു കൊല്ലത്തിൽ 12796 ആളുകൾ ഇംഗ്ലണ്ടിൽ കത്തോലിക്കാമതം സ്വീകരിച്ചിട്ടുള്ളതായി ഇംഗ്ലീഷ് കത്തോലിക്ക് ഡയറക്ടറിയിൽ കാണുന്നു.

വെയിൽസു രാജകുമാരൻ ആഫ്റിക്കാ അമേരിക്കാ മുതലായ സ്ഥലങ്ങൾ സന്ദൎശിക്കുന്നതിനായി മാർച്ച് മാസാവസാനത്തോടെ ഇംഗ്ലണ്ടിൽ നിന്നു തിരിച്ച് സെപ്ററംബർ മാസത്തിൽ തിരികെ എത്തുമെന്നു അറിയുന്നു.

സാൽഫോർഡിലെ മെത്രാനായ ഡോക്ടർ കസ്സർത്തേല്ലി ജനുവരി 18–ാംനു- പരലോകപ്രാപ്തനായിരിക്കുന്നു. സുറിയാനി, സംസ്കൃതം, അറബി മുതലായ പല പൌരസ്ത്യഭാഷകളിൽ ഇദ്ദേഹം പേരുകേട്ട ഒരു വിദഗ്ദ്ധനായിരുന്നു.

# മനോഗുണവിവരങ്ങൾ.

ശുഷ്ക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേർ അടച്ചിരിക്കണം.

തള്ളയില്ലാതിരുന്ന ഒരു കുട്ടിയ്ക്കു ദൈവജനനിയുടെ മദ്ധ്യസ്ഥതയാൽ ഒരു വളർത്തമ്മ ഉണ്ടായതിനു ഉപകാരസ്മരണ.

സി. ജെ. സി. ചെങ്ങന്നൂർ.

ഞാൻ ആഗ്രഹിച്ച ഒരു കാര്യം ഭാഗ്യപ്പെട്ട കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതവഴിയായി സാധിച്ചതിന്റെ കൃതജ്ഞത.

സി എൽ ജേ. എടത്തുരുത്തി.

തിരുഹൃദയത്തിന്റെ അനുഗ്രഹത്താലും മാർ അന്തോനീസിന്റെ മാദ്ധ്യസ്ഥത്താലും ഒരു കേസു അനുകൂലമായതിനു ഉപകാരസ്മരണ.

എ. എം. ചിന്നമാത്ത്ണ്ഡൻതുറ.

കാണാതെപോയ എന്റെ കൂലിക്കാരന്റെ ആടിനെ വി. അന്തോനീസിന്റെ സഹായത്താൽ കിട്ടിയതിനു നന്ദിപറഞ്ഞുകൊള്ളുന്നു.

എ. പി. ജി നിലായി, എഫ്. എം. എസ്.

ചെങ്ങളത്തു വി. അന്തോനീസിന്റെ സഹായത്താൽ ഡ്റോയിങ്ങുപരീക്ഷയിലും മെത്തഡ് പരീക്ഷയിലും, ഭാ. കൊച്ചുത്രേസ്യാം യുടെ മദ്ധ്യസ്ഥത്താൽ പ്രാക്റ്റിക്കൽപരീക്ഷയിലും വിജയം പ്രാപിച്ചതിനു.

കെ. എം. എം. എനമ്മാവു.

ഉണ്ണിയീശോയുടെ അനുഗ്രഹത്താലും, വി. അന്തോനീസിന്റെ മദ്ധ്യസ്ഥതയാലും എന്റെ സുഖക്കേടുനീങ്ങി സുഖം പ്രാപിച്ചുവരുന്നതിനു ഉപകാരസ്മരണ.

പി റ്റി. ജേ. അമ്പലപ്പുഴ.

ദൂരദേശത്തു പോയിരുന്ന ഒരാൾ ഭാഗ്യവതിയായ കൊച്ചുത്രേസ്യായുടെ സഹായത്താൽ സസുഖം തിരിച്ചെത്തിയതിനു ഉപകാരസ്മരണ. എ. റ്റി. കൊളമ്പു.

പ്രയാസമായി തോന്നിയ കാര്യം മാർ അന്തോനീസിന്റെസഹായത്താൽ സാധിച്ചുകിട്ടിയതിനു നന്ദി പറയുന്നു. എം. പുളിംകുന്ന്.

തിരുഹൃദയ കാരുണ്യത്താൽ രോഗശമനം ഉണ്ടായതിനും കുടുംബത്തിൽ തൽക്കാല സമാധാനം ഉണ്ടായതിനും ഉപകാരസ്മരണ ചെയ്യുകയും പൂൎണ്ണസമാധാനം ഉണ്ടാവാൻ കുസുമവായനക്കാർ പ്രാൎത്ഥിക്കണമെന്നപേക്ഷിക്കയുംചെയ്യുന്നു. എം. എം. പുളിംകുന്ന്.

ഈശോയുടെ തിരുഹൃദയത്തോടുള്ള എന്റെ അപേക്ഷ സാധിച്ചുകിട്ടിയതിനു കുസുമം വഴി ഉപകാരസ്മരണ. ജെ. രാമപുരം.

# ചരമവാൎത്തകൾ.

കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാൎത്ഥിപ്പാറാകണം

കുറവിലങ്ങാടു ഇടവക കോതേരി തെക്കേതിൽ ശ്രീമതി മറിയാമ്മ ജനുവരി ൩–ാ നു-

ചാമക്കാലാപ്പള്ളിയിടവക മാളിയേക്കലായ കപ്പലുമാക്കൽ ബ. മത്തായികത്തനാർ അവർകളുടെ ജ്യേഷ്ഠസഹോദരൻ ചാക്കോ അവർകൾ ജനുവരി ൨൦-ാംനു- ൬൫ൻ വയസ്സു

ഞാറയ്ക്കലിടവക വടക്കന്തലയ്ക്കൽ പുത്തനങ്ങാടി മറിയാമ്മ ജനുവരി ൧൫–ാ നു-.

തൃപ്പൂണിത്തുറ ഇടവക പാലത്തുങ്കൽ ശ്രീമതി കുഞ്ഞുമറിയം ജനുവരി ൭–ാ നു- വയസ്സു ൬൫

കണ്ടനാട്ടുപള്ളി ഇടവക മാക്രൂട്ടത്തിൽ ചാക്കോ ജോസഫ് അവർകൾ ജനുവരി ൨൦–ാംനു- വയസ്സു ൫൫ൻ.

പെരിങ്ങുഴ പള്ളിയിടവക നിരോലിക്കൽ ശ്രീമതി ഏലീശാ ജനുവരി ൨൮–ാംനു- വയസ്സു ൬൪.

ചങ്ങനാശേരി ഇടവക കൊച്ചുമാണിപറമ്പിൽ ശ്രീമതി ഏലിയാമ്മ ജനുവരി ൨൩–ാംനു- വയസ്സു ൩൭.

ക. നി. മൂ. സ ബ. ലൊറേയാൻ അച്ചൻ അവർകളുടെ പിതാവു വാഴക്കുളം ഇടവക വടക്കുംപാടത്തു വക്കി അവർകൾ ജനുവരി ൨൭–ാംനു- വയസ്സു ൭൪ൻ.

പുത്തൻതോപ്പുപള്ളിയിടവക ശ്രീമതി മരിയാപെറെയിരാ ജനുവരി ൨൭–ാംനു ൯൦ വയസ്സ്.

കുറവിലങ്ങാട്ടു ഇടവക ആശാരിപറമ്പിൽ ചാണ്ടികുഞ്ഞു് ഫെബ്രുവരി ൧൦–ാംനു-.

## റാവ് സാഹിബ് വിൻസൻറ് „മഹാദേവയ്യർ„

ഒരുത്തമക്രിസ്ത്യാനിയായിത്തീൎന്ന ഭാരതീയമഹാൻ. യഥാൎത്ഥജീവചരിത്രം. നോവലിനേക്കാൾ രസകരം. സകലജാതിമതസ്ഥൎക്കും പററിയതു്. മനോഹരങ്ങളായ പടങ്ങളും നൂറുവശങ്ങളും ഉണ്ടു്. വില 6 ണ. മാത്രം. ആവശ്യപ്പെടുക.

ഫാദർ വെള്ളരിങ്ങാട്ടു്, പെററി സെമ്മിനാരി—കോട്ടയം.

# പഞ്ചാംഗം.

൧൯൨൫

എപ്പകത്തി ൬.  ഞായറാഴ്ച അക്ഷരം ൧൨

## ൧൯൨൫ മാർച്ച് — ൧൧൦൦ കുംഭം — മീനം.

മാർ യൌസേപ്പുപിതാവിൻ വണക്കമാസം.

1 18 ഞാ ✠ നോമ്പ് ൧-ാം ഞായർ ന. കു. ആ. ൧൫൩൦ ൧൨ ൧ റോ.
2 19 തി അ. ബ്ലാസി. ന. ആ. കു. വെ. മെ. മ. ച്യ.
3 20 ചൊ † അ. മൗ. തെത്തോസ് ന. ആ. കു. വെ. മെ സ. റോ.
3, 4, 5 കർമ്മലകൊവേന്തയിൽ നാല്പതുമണി ആരാധന.
4 21 ബു പാ വേ. ലൂസ്യോസു ന. ആ. കു. വെ. (പട്ടം) ച്യ.
5 22 വ്യാ † മൗ. യോഹന്നാൻ ഭ്രാന്താ ന. ആ. കു. വെ. മെ. വ്യ. വെ.
6 23 വെ † ന ക ഈൗട്ടി ആണികൾ ന. ആ. കു. വെ. ✻൧൫ (✻൧൫) ച്യ.
(ഒരുനേരം. പട്ടം)
7 24 ശ മൗ. മ. തോമ്മാ ന. ആ കു വെ. (പട്ടം) വെ.
8 ☺25 ഞാ ✠ നോമ്പ്. ൨-ാം ഞായർ ന. കു. ആ. ൧൨ ൧൫ ൩ റോ.
9 26 തി വേ. നാല്പതുരക്തസാക്ഷികൾ ന. ആ. കു. വെ. ച്യ.
10 27 ചൊ † ക. സ്കൊളാസ്തിക്ക് ന. ആ. കു. വെ. മെ. ൧൦. വെ
11 28 ബു ശ്ലീ. പത്രോസ് അന്ത്യോഖ്യാ സിം. ന. ആ. കു. വെ. മെ. വ വ. വെ.
12 29 വ്യാ പാ. മൗ. മ. ഗ്രിഗോരി ന. ആ കു. വെ വെ.
13 30 വെ † ന. ക. തി. വസ്ത്രം ന. ആ. കു. വെ. ✻൧൫ (൧൫) ഒ. നേ.) ച്യ.
14 1 ശ † മൗ. കസ്മീർ ന. ആ. കു. വെ. ഈ. ര. വെ.
15 2 ഞാ ✠ നോമ്പ. ൩-ാം ഞായർ. ന. കു. ആ. ൨൩ ൨ ൧ റോ.
16 3 തി † വന. അബ്രാഹം ന. ആ. കു. വെ. വെ.
17 4 ചൊ † അ. മൗ. പത്രീസിയൂസ് ന. ആ. കു. വെ. വെ.
18 5 ബു † ഗബ്രിയേൽ മാലാഖാ ന. ആ. കു. വെ. വെ.
19 6 വ്യാ മാർ യൌസേപ്പ ന. കു. വെ. വെ.
മാന്നാനം, ചമ്പക്കുളം ഈ പള്ളികളിൽ വി. യൌ. മരണത്തിരുനാൾ.
19, 20, 21. കുട്ടനാട്ടു വലിയപള്ളിയിൽ നാല്പതുമണിയാരാധന.
20 7 വെ † ന. ക. തിരുമുറിവുകൾ ന ആ കു. വെ. ✻൨൩ (✻൧) ഒ. നേ. ച്യ.
21 8 ശ ആബാ ബെനദിക്തോസ് ന. ആ. കു. വെ. വെ.
22 9 ഞാ ✠ നോ. ൪-ാം ഞായർ. ന. കു. ആ. ൧൫൩൦ ൯ ൩ റോ.
☞ അടുത്ത ബുധൻ കടം പള്ളിയിൽ അറിയിക്കണം.
23 ● 10 തി † അ. മൗ. മ. കെവുറെല്ലാസു ന. ആ. കു വെ. ഈ. സ. വെ.
24 11 ചൊ † മൗ. യോഹന്നാൻ ദലാഹാ ന. ആ. കു. വെ. ഈ. വ്യ. വെ.
24, 25, 26 ഏർത്തുരുത്തു ആശ്രമത്തിൽ നാല്പതുമണി ആരാധന.
25 12 ബു ✠ ക. മറിയത്തിൻ മംഗലവാർത്ത ന. കു. വെ. വെ.
26 13 വ്യാ വി. ഫ്രാംസീസ്സ ന. ആ. കു. വെ. ഈ. ൻ. വെ.
27 14 വെ † ന. ക. തിരുരക്തം ന. ആ. കു. വെ. ✻൨൩ (൧) ഒ. നേ. ച്യ.
28 15 ശ † മൗ. മ. യോഹ. ദമ്മസാക (ഇന്നലെ) ന. ആ. കു വെ. വെ.
29 16 ഞാ ✠ നോമ്പ. ൫-ാം ൧൫൩൦൨ ന. കു. ആ. ൧൨ ൦ ൨ റോ.
30 17 തി † ആബാ. യോഹ. ക്ലിമാക്കോസ്. ന. ആ. കു. വെ. വെ.
31 18 ചൊ ന. കു. ആ. റോ.

---

Printed and published for the Proprietor by P. K. Joseph, at
The St. Joseph's Press, Mannanam. 1925.

# മണിയോർഡർ പദ്ധതി.

## അനാവശ്യനഷ്ടം സഹിച്ചിട്ടു കാര്യമെന്തു?

### പ്രതിമാസം മുപ്പതു സമ്മാനങ്ങൾ നിശ്ചയിച്ചിരിക്കുന്നു.

പത്രവായനക്കാരുടെ അനാവശ്യനഷ്ടവും, പത്രപ്രവർത്തകന്മാരുടെ ആവലാതികളും വകവയ്ക്കാതെ കുംഭം 1-ാംനു- മുതൽ അഞ്ചലിൽ വി. പി. ഉരുപ്പടികൾ രജിസ്റ്റർ ചെയ്യണമെന്ന് ഗവർമ്മെന്റു ഏർപ്പാടു ചെയ്തിരിക്കുന്നു. ഏതായാലും നിവൃത്തിയുള്ളിടത്തോളം ഞങ്ങളുടെ മാന്യവരിക്കാർക്കു അന്യായമായ ഈ നഷ്ടത്തിനു ഇടവരുത്താതെ കഴിക്കണമെന്നാണു ഞങ്ങൾ തീർച്ചപ്പെടുത്തിയിരിക്കുന്നതു്. അതിനാൽ മാന്യമഹാജനങ്ങളുടെ സഹകരണം വേണ്ടപോലെ ഉണ്ടാകുന്നപക്ഷം അഞ്ചൽ തകരാറുകളിൽ നിന്നു രക്ഷ പ്രാപിക്കുന്നതിനും, വരിക്കാർക്ക് മുമ്പിലത്തേതിൽ ആദായപ്രദമായ വിധത്തിൽ വരിപ്പണം അയക്കുന്നതിനും, വി. പി. രജിസ്റ്ററിന്റെ ഫലം അഞ്ചൽഡിപ്പാർട്ടുമെന്റു മേലധികാരികൾക്കു ബോധപ്പെടുന്നതിന്നും ഇടയാകുമെന്നാണ് ഞങ്ങളുടെ വിശ്വാസം. സൌകര്യപ്രദമായ മണിയോർഡർ പദ്ധതിയെ പ്രോത്സാഹിപ്പിക്കുന്നതിലേക്കു മാസംതോറും താഴെപ്പറയുന്ന സമ്മാനങ്ങൾ കൊടുക്കുന്നതിനും ഞങ്ങൾ നിശ്ചയിച്ചിരിക്കുന്നു.

I കുടിശ്ശികക്കാർക്കു.

കുടിശ്ശിക വകയിൽ മണിയോർഡരായി അയക്കുന്ന ഓരോ രുപായ്ക്കും ഓരോ നറുക്കു വീതം മാസാവസാനത്തിൽ ചീട്ടിയിട്ടു അതാതു മാസത്തിൽ ആ വക പിരിഞ്ഞു വരുന്ന തുകയിൽ നൂറുക്കു 15 വീതം കൊണ്ടു പത്തു തുല്യസമ്മാനങ്ങൾ നൽകപ്പെടും

II തന്നാണ്ടുവരിപ്പണം വകയിൽ പഴയവരിക്കാർക്കു.

തന്നാണ്ടു വരിപ്പണം വകയിൽ മണിയോർഡരായി അയക്കുന്ന ഓരോ രുപായ്ക്കും ഓരോ നറുക്കു വീതം ചീട്ടിയിട്ടു മാസാവസാനം ആ ഇനത്തിൽ പിരിവുള്ളതിൽ നൂറുക്കു 15 വീതം കൊണ്ടു പത്തു തുല്യസമ്മാനങ്ങൾ.

III. പുതിയ വരിക്കാർക്കു്.

പുതുതായി ചേർന്ന് വരിപ്പണം വകയിൽ മണിയോർഡരായി അയക്കുന്ന ഓരോ രുപായ്ക്കും ഓരോ നറുക്കു വീതം ചീട്ടിയിട്ടെടുത്തു മാസാവസാനത്തിൽ ആ വക പിരിവുള്ളതിൽ 100 ക്കു 15 വീതം കൊണ്ടു തുല്യമായ വേറെ പത്തു സമ്മാനങ്ങൾ.

N. B. പുതിയ വരിക്കാരുടെ ഇനത്തിൽ സമ്മാനത്തിനു നിശ്ചയിച്ചിരിക്കുന്ന തുക ജൂലൈ 16-ാംനു-വരെ "കുസുമമത്സര"ത്തിനുള്ള കീർത്തിമുദ്രകൾക്കായി ഉപയോഗിക്കുന്നതാണ്. മാർച്ചു് 31-ാംനു- ഒന്നാം പ്രാവശ്യത്തെ സമ്മാനങ്ങൾ നൽകപ്പെടും

നസ്രാണിദീപികയ്ക്കും പ്രതിമാസം ഇത്തരത്തിലുള്ള സമ്മാനങ്ങൾ നിശ്ചയിച്ചിട്ടുണ്ടു്. അതിനു മൂന്നു രുപാ വരിപ്പണത്തിനു ഒരു നറുക്കു വീതമാണ്.

മാനേജർ, "കർമ്മെല കുസുമം", മാന്നാനം.

Registred No. M. 365. No. T. 2.

പുതിയ വരവു്, വില വളരെക്കുറവു്.

# പി. പാപ്പികമ്പെനി, മാന്നാനം.

### ചൈനാപ്പട്ട നീളം വളയം

| | | | Rs. | As. | P. |
|---|---|---|---|---|---|
| ൧-ാം ചരട്ട ൧വ്വ നീളം വളയം | | 1ക്ക | 0 | 13 | 0 |
| ൨-ാം „ പിരിച്ചത്ത | വ്വ | „ | 0 | 12 | 0 |
| ൩-ാം „ | ൨ | „ | 0 | 9 | 0 |
| ൪-ാം „ | ൧ | „ | 0 | 4 | 0 |
| ൧-ാം കമ്പി | ൧ | „ | 0 | 2 | 0 |
| ൨-ാം „ | ൧ | „ | 0 | 3 | 0 |
| ൩-ാം „ | ൧ | „ | 0 | 4 | 0 |
| ൪-ാം „ | ൧ | „ | 0 | 4 | 6 |
| ആക്കമുടി വളയം | ൧ | „ | 0 | 10 | 0 |
| അല്പസ് ൧-ാംതരം | ൧ | „ | 0 | 6 | 0 |
| ടി. ൨-ാം തരം | ൧ | „ | 0 | 4 | 6 |
| ടി. ൩-ാംതരം | ൧ | „ | 0 | 2 | 6 |
| പേന്തി. (Bridge) | ൧ | „ | 0 | 2 | 6 |
| ആണി. (Screw) | ൧ | „ | 0 | 2 | 6 |
| ചരത്തുവാൽ | ൧ | „ | 0 | 10 | 0 |

### അലൂമിനം കാശുരൂപങ്ങൾ

| | | | | | |
|---|---|---|---|---|---|
| No. a. (മുട്ടഭാഷ) | ഡസൻ | 1ക്ക | 0 | 1 | 2 |
| നമ്പ്ര 1 സെൻറു ജോസഫ് | „ | „ | 0 | 1 | 9 |
| 1251 ഇത്താല്യൻ കാശു. | „ | „ | 0 | 3 | 6 |
| 50 വി. കുമ്പാന. | „ | „ | 0 | 12 | 0 |
| 53 തിഹൃദയം | „ | „ | 0 | 12 | 0 |
| 53 ടി. | „ | „ | 0 | 13 | 6 |
| 131 തിരുഹൃദയം. | „ | „ | 0 | 13 | 6 |
| 6434 „ | „ | „ | 0 | 12 | 0 |
| 8 സൊഡാലിററി. | „ | „ | 1 | 0 | 0 |

### അലു. വെന്തിഞ്ഞാ കാശുരൂപങ്ങൾ

| | | | | |
|---|---|---|---|---|
| 298 മുട്ടഭാഷ. ഡസൻ 1ക്ക | „ | 0 | 4 | 6 |
| 224 കക്കുവൃത്തം. | „ | 0 | 4 | 6 |
| 331 നീണ്ടഭാഷ | „ | 0 | 5 | 0 |
| 337 വൃത്തം. | „ | 0 | 5 | 0 |
| 338 വൃത്തം. | „ | 0 | 8 | 0 |
| 7030 ചതിര എരട്ടത്തട്ട ചെറുത് | | 0 | 6 | 6 |
| 325 കക്കടവൃത്തം. | „ | 0 | 8 | 0 |
| 324 കരിശുഭാഷ. | „ | 0 | 6 | 6 |
| 7023 ചതിര ഒററത്തട്ട. | „ | 0 | 10 | 0 |
| 7231. ചതുര എരട്ടത്തട്ട വലുത് | „ | 0 | 12 | 0 |
| 399 നക്ഷത്രഭാഷ. | „ | 0 | 13 | 6 |
| 321 മുന്തിരിങ്ങാ വള്ളിക്കെട്ട | „ | 0 | 13 | 6 |
| 398 കരിശാകൃതി. „ | ൧ക്ക | 0 | 10 | 0 |
| 389 ചങ്കുഭഷകാശു „ | ൧ക്ക | 0 | 5 | 0 |

### പള്ളിക്കാശുരൂപങ്ങൾ.

| | | | | | |
|---|---|---|---|---|---|
| ൧-ാം തരം ഡസ്സൻ | | 1 ക്ക | 5 | 0 | 0 |
| കാശു ൨-ാംതരം ഡസൻ | | ൧ക്ക | 3 | 12 | 0 |
| ടി. ൩-ാംതരം | „ | ൧ക്ക | 3 | 6 | 0 |
| ടി. ൪-ാംതരം | „ | ൧ക്ക | 2 | 10 | 0 |
| ടി. ൫-ാംതരം | „ | ൧ക്ക | 1 | 14 | 0 |

### കുരിശുകൾ.

| | | | | | |
|---|---|---|---|---|---|
| അലു: കുരിശു 5¼ ഇഞ്ച് | ഡസൻ | 1 | 10 | 8 | 0 |
| ടി. „ 4¾ „ | „ | 1ക്ക | 7 | 8 | 0 |
| ടി. „ 2¼ „ | „ | 1ക്ക | ൧ | 10 | 0 |
| ടി. „ 1¾ „ | „ | 1ക്ക | 1 | 14 | 0 |
| ചീനവെള്ളി „ | „ | 1ക്ക | 0 | 1 | 9 |
| 389 പള്ളിക്കൊന്ത | „ | 1ക്ക | 3 | 10 | 0 |
| 233 ഉരുക്കുകെട്ട് | „ | 1 ക്ക | 2 | 14 | 0 |
| 390-ാം നമ്പ്രപള്ളിക്കൊന്ത | „ | 1ക്ക | 4 | 0 | 0 |

### പടങ്ങൾ.

| | | | | |
|---|---|---|---|---|
| 8×10 വലിപ്പം നസീസ്. പടം | ഡ. | 1 | 8 | 0 |
| ടി ജർമ്മൻ പടം | „ | 1 | 12 | 0 |
| 13×17 ടി ടി | „ | 4 | 14 | 0 |
| 16×20 ടി ടി | „ | 6 | 6 | 0 |
| പ്രർണ,ക്ക സയിസു പടങ്ങൾ | „ | 0 | 4 | [illegible] |
| ടി ടി | 100-ക്ക | 2 | 0 | 0 |
| 240 പടമുള്ള പാളിപ്പടം പള്ളി | ൧ക്ക | 1 | 14 | 0 |

### പുസ്തകങ്ങൾ

| | | | | |
|---|---|---|---|---|
| 1 വ്യാകുലപങ്കപ്പാട്ട ചരിത്രം | 1ക്ക | 1 | 0 | 0 |
| 2 അന്തോനീസിൻ ചരിത്രം | „ | 0 | 5 | 0 |
| 3 കൊച്ചുത്രേസ്യാ ചരിത്രം | | 0 | 5 | 3 |
| 4 വ്യാകുലപ്രസംഗം | | 0 | 4 | 6 |
| 5 ദേവമാതാവിൻ അമ്മാന | | 0 | 8 | 0 |
| 6 [illegible] അമ്മാന | | 0 | 8 | 0 |
| 7 പുത്തൻപാന | | 0 | 4 | 6 |
| 8 ശുദ്ധീകരണക്രമം | | 0 | 13 | 6 |
| 9 നിത്യാരാധന | | 2 | 0 | 0 |
| 10 പീയൂഷസംഗ്രഹം | | 0 | 10 | 0 |
| 11 തിരുഹൃദയവണക്കം | | 0 | 10 | 0 |
| 12 അത്ഭുതലീലിപുഷ്പം | | 0 | 4 | 0 |
| 13 കുടുംബപ്രതിഷ്ഠ | | 0 | 2 | 0 |
| 14 ദേവമാതാവിൻ വണക്കം | | 0 | 13 | 6 |
| 15 ടി. കൂട്ടിക്കുത്തിയത്. | | 1 | 6 | 0 |

**P. Pappy & Co.,**

Mannanam, Travancore